I ഇ.ബി. XII-കേരള നിയമസഭ /V-19

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 19, വ്യാഴം

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

**(1) തിരുവനന്തപുരം ജില്ലയിലെ യാത്രാക്ലേശം**

**ശ്രീ. എൻ. ശക്തൻ:** ദേശസാൽകൃത റൂട്ടായ തിരുവനന്തപുരം ജില്ലയിലെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ ആകെയുള്ള ഷെഡ്യൂളുകളിൽ മൂന്നിലൊന്നുഭാഗവും തിരുവനന്തപുരം ജില്ലയിലാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജില്ലയിൽ ഒരു ദിവസം 1250- ന് മുകളിൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് 1000-ത്തിനു താഴെ ഷെഡ്യൂളുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 135 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന പാപ്പനംകോട് ഡിപ്പോയിൽ ഇന്ന് 80 ബസ്സുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നതുമൂലം വിദ്യാർത്ഥികളും സർക്കാർ

ജീവനക്കാരും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ഒരു റൂട്ടിൽ ഒരു ബസ്സ് മാത്രം ഓപ്പറേറ്റ് ചെയ്തിരുന്നതുപോലും ക്യാൻസൽ ചെയ്തിരിക്കുകയാണ്. ബസ്സുകൾ കൃത്യമായി ഓടാത്തതുകൊണ്ടും കൃത്യസമയം പാലിക്കാത്തതുകൊണ്ടും കളക്ഷൻ കുറയുകയും തുടർന്ന് അത്തരം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അത്തരം റൂട്ടുകളിൽ ഷെഡ്യൂൾ ക്യാൻസൽ ചെയ്യുന്നതിനുമുമ്പ് കഴിഞ്ഞ വർഷങ്ങളിൽ അതേ മാസമുണ്ടായിരുന്ന കളക്ഷനുമായി താരതമ്യപഠനം നടത്തണം. ക്യാൻസൽ ചെയ്ത ഷെഡ്യൂളുകൾ പുന:സ്ഥാപിച്ച് തിരുവനന്തപുരം ജില്ലയിലെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):** തിരുവനന്തപുരം ജില്ലയിലെ 20 യൂണിറ്റുകളിൽ മാത്രമായി ആകെ 1,411 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കേരളത്തിൽ മറ്റൊരു ജില്ലയിലും കെ.എസ്.ആർ.ടി.സി. ഇത്രയധികം സർവ്വീസ് നടത്തുന്നില്ല. പുതിയ അദ്ധ്യയന വർഷത്തെ തിരക്ക് കണക്കിലെടുത്ത് കാര്യക്ഷമമായി പ്രവർത്തിക്കാൻ കെ.എസ്.ആർ.ടി.സി. പ്രത്യേകം പരിശ്രമിച്ചിട്ടുണ്ട്. ജനവാസം തീരെ കുറഞ്ഞ പ്രദേശത്തെ സർവ്വീസുകൾ കോർപ്പറേഷന് വലിയ സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ഡീസലിന്റെ ഉപഭോഗം വർദ്ധിച്ചതും വരുമാനം കുറഞ്ഞ സർവ്വീസുകൾ നടത്തിയതിലൂടെയും 2006 ഏപ്രിൽ മാസം വരെ 123 കോടി രൂപയുടെ കുടിശ്ശികയാണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന് കൊടുക്കാനുള്ളത്. ഇത് കോർപ്പറേഷനെ വളരെയധികം പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പാപ്പനംകോട് ഡിപ്പോയിൽ 2004-ൽ

101 ഷെഡ്യൂളുകൾ ഉണ്ടായിരുന്നത് 2006 സെപ്റ്റംബറിൽ 135 ആയി വർദ്ധിച്ചു. ഇപ്പോൾ 128 ഷെഡ്യൂളുകൾ അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായ കടക്കെണിയിൽനിന്ന് ഒരു പരിധിവരെ കോർപ്പറേഷനെ രക്ഷിക്കുന്നതിനും യാത്രാക്ലേശം ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂൾ പുനഃക്രമീകരണം നടത്തി വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. പാപ്പനംകോട് പ്രദേശത്തെ യാത്രാക്ലേശം പരമാവധി പരിഹരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒരു കിലോമീറ്ററിന് 20 രൂപയെങ്കിലും വരുമാനം ലഭിക്കത്തക്കവിധത്തിൽ പുതിയ റൂട്ടുകൾ കണ്ടെത്തി സംസ്ഥാനത്തൊട്ടാകെയുള്ള സർവ്വീസുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഡ്രൈവർമാരെ വിവിധ യൂണിറ്റുകളിൽ നിയമിക്കുന്നതിലൂടെ സർവ്വീസുകൾ പൂർണ്ണമായി ഓടിക്കാൻ കഴിയുമെന്നും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ട്രക്കർ, ടെമ്പോ സർവ്വീസുകൾ കൂടുതലുള്ള പല റൂട്ടുകളിലും സാമൂഹ്യ ബാധ്യതയുടെ പേരിൽ നഷ്ടം സഹിച്ചുകൊണ്ട് കോർപ്പറേഷൻ സർവ്വീസ് നടത്തിവരുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സേവനം ഈ മേഖലയിൽ കോർപ്പറേഷൻ ഉറപ്പുവരുത്തുകയാണ്. ജില്ലയിലെ ഏതെങ്കിലും പ്രദേശത്ത് യാത്രാക്ലേശം രൂക്ഷമായാൽ അവിടെ കൂടുതൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടുതൽ ബസ്സുകൾ വാങ്ങുന്ന മുറയ്ക്ക് ജില്ലയിലെ എം.എൽ.എ. മാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുകൂട്ടി പ്രധാനപ്പെട്ട റൂട്ടുകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാവുന്നതാണ്.

## (2) <u>സച്ചാർ കമ്മിറ്റി റിപ്പോർട്ട്</u>

<u>**ശ്രീ. കെ. ടി. ജലീൽ**</u>: നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പാക്കേജിന്റെ വെളിച്ചത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് 30 ശതമാനം സംവരണം കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും അതിലെ ഭരണഘടനാനുസൃതമായ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കി നടപ്പിലാക്കാൻ തീരുമാനിച്ചത് ഈ സർക്കാരാണ്. ഇൻഡ്യയിലെ മത ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥകളെക്കുറിച്ച് പഠിക്കാനായി 1983-ൽ Dr. Gopal Singh High Power Panel എന്ന ഒരു കമ്മിഷനെ നിയോഗിച്ചെങ്കിലും ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വെളിച്ചം കണ്ടിട്ടില്ല. എന്നാൽ ഇൻഡ്യയിലെ മുസ്ലീം ജനവിഭാഗത്തിന്റെ മാത്രം സാമ്പത്തിക വിദ്യാഭ്യാസ സാമൂഹിക പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ 2005 മാർച്ചിൽ ജസ്റ്റിസ് രാജേന്ദ്ര സച്ചാർ ചെയർമാനായി ഒരു ഏഴംഗ സമിതിയെ കേന്ദ്ര സർക്കാർ നിയോഗിക്കുകയും അവർ 13 സംസ്ഥാനങ്ങൾ സന്ദർശിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും വിവിധ സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും തെളിവെടുപ്പ് നടത്തി വിശദമായ ഒരു റിപ്പോർട്ട് 2006 നവംബർ 17-ന് സർക്കാരിന് സമർപ്പിച്ചെങ്കിലും അതിലെ ശുപാർശകൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുസ്ലീം ജനവിഭാഗങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലപ്പെടുത്തുക,

സാങ്കേതിക പ്രൊഫഷണൽ സ്ഥാപനങ്ങൾ സ്ഥാപിക്കുക, എൻ. സി. ടി. ഇ. അംഗീകാരത്തോടെ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുക, ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക, മദ്രസാ മോഡണൈസേഷൻ പ്രോഗ്രാം ത്വരിതപ്പെടുത്തുക, ബാങ്ക് ലോൺ ഫെസിലിറ്റീസ് ലഭ്യമാക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ സച്ചാർ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. ഇൻഡ്യയിൽ ഏറ്റവുമധികം മുസ്ലീങ്ങൾ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ഒരു സംസ്ഥാനം കേരളമാണെന്ന തെറ്റിദ്ധാരണയാണ് പലർക്കുമുള്ളത്. എന്നാൽ സംസ്ഥാനത്തിന്റെ സാക്ഷരതയുടെ സ്റ്റേറ്റ് ആവറേജിനൊപ്പമെത്താൻ ഇന്നും മുസ്ലീം വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഈ റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സംവിധാനം സെക്രട്ടറിയേറ്റിൽ ഏർപ്പെടുത്തണം.

**മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):** ജസ്റ്റിസ് സച്ചാർ ചെയർമാനായി 2005 മാർച്ചിൽ രൂപീകരിച്ച ഏഴംഗ High Level Committee തയ്യാറാക്കിയ റിപ്പോർട്ടിൽ മുസ്ലീം സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നിലവാരത്തെക്കുറിച്ച് പ്രതിപാദിക്കുകയും മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനായി വളരെയധികം ശുപാർശകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത് കേന്ദ്ര സർക്കാർ പരിശോധിച്ചു വരുകയാണ്. സംസ്ഥാനത്തെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ സാമ്പത്തിക സാംസ്ക്കാരിക കാര്യങ്ങളിലെ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും പബ്ളിക് സർവീസിലും നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. 1936-ൽ തിരുവിതാംകൂറിൽ സംവരണത്തിന്റെ കാര്യത്തിൽ മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് പ്രാതിനിധ്യം നൽകിയപ്പോൾ അതിൽ മുസ്ലീം സമുദായവും ഉൾപ്പെട്ടിരുന്നു. 1957-ൽ അന്നത്തെ സംസ്ഥാന ഗവൺമെന്റ് അത് കൊച്ചിയിലേയ്ക്കും മലബാറിലേയക്കും വ്യാപിപ്പിച്ചുകൊണ്ട് സംസ്ഥാനത്താകെയുള്ള മുസ്ലീം സമുദായത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതിന് സൗകര്യം ചെയ്തിട്ടുള്ളതാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യവും സ്പെഷ്യൽ സംവിധാനം സെക്രട്ടറിയേറ്റിൽ ഏർപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

### (1) <u>വീരമൃത്യു വരിച്ച സി.ആർ.പി.എഫ്.ജവാന്റെ കുടുംബത്തിന് സഹായം</u>

**<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>** : പേരാവൂർ നിയോജകമണ്ഡലത്തിനടുത്തുള്ള വെളിയംപറമ്പ് സ്വദേശിയായ കെ. രഞ്ജിത് കുമാർ എന്ന സി.ആർ.പി.എഫ്. ജവാൻ 8.7.2007-ന് ഛത്തീസ്ഗഡിൽവച്ച് തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യു വരിക്കുകയുണ്ടായി. മൃതദേഹം നാട്ടിലെത്തിക്കുമ്പോൾ എംബാം ചെയ്യാത്തതിന്റെ ഫലമായി രൂക്ഷമായ ഗന്ധവും പുഴുക്കളുമുണ്ടായിരുന്നു. മൃതദേഹം അവിടെനിന്നും അയയ്ക്കുന്ന സമയത്ത് ക്രമക്കേടുകളുണ്ടായി എന്ന കാര്യം കേന്ദ്ര ഗവൺമന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ഛത്തീസ്ഗഡ് ഗവൺമെന്റ് ചെറിയ ധനസഹായം

പ്രഖ്യാപിച്ചിട്ടുണ്ട്. നിർദ്ധനരായിട്ടുള്ള ആ കുടംബത്തിന് ധനസഹായവും ആശ്രിതർക്ക് ജോലി നൽകാനാവശ്യമായ നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):** ഛത്തീസ്ഗഡിൽവച്ച് തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച കണ്ണൂർ ജില്ലയിലെ വെളിയംപറമ്പ് സ്വദേശിയും സി.ആർ.പി. എഫ്. ജവാനുമായ രഞ്ജിത് കുമാർ കൊലചെയ്യപ്പെടുകയുണ്ടായി. അവിവാഹിതനായ അദ്ദേഹത്തിന്റെ ശമ്പളമായിരുന്നു കുടുംബത്തിന്റെ ഏക വരുമാനം. ആ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രത്യേക കേസ്സായി പരിഗണിച്ചുകൊണ്ട് സഹായിക്കാൻ അഭ്യർത്ഥിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ധനസഹായം ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. മൃതദേഹം നാട്ടിലെത്തിച്ചത് സി.ആർ. പി.എഫ്. ആണ്. മരിച്ച് 24 മണിക്കൂർ കഴിഞ്ഞ് മൃതശരീരം കണ്ടെടുത്തപ്പോൾ അഴുകിയിരുന്നതായും അതിനാൽ എംബാം ചെയ്യാൻ കഴിയാതെ വരുകയും ചെയ്തു എന്നാണ് സി.ആർ.പി.എഫ്. അറിയിച്ചിട്ടുള്ളത്. വിമാനത്തിന്റെ ലഭ്യത ഒരു ദിവസം കൂടി കഴിഞ്ഞാണ് ലഭിച്ചത്. ഇക്കാര്യം സി.ആർ. പി.എഫ്.-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (2) കൊച്ചി നഗര വികസന സമിതി അടിയന്തിര യോഗം ചേരേണ്ടതിന്റെ ആവശ്യകത

**പ്രൊഫ. കെ. വി. തോമസ്** : നെടുമ്പാശ്ശേരി എയർപോർട്ട്, ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റി, കൊച്ചി നഗര വികസന സമിതി എന്നിവയുടെ ചെയർമാനെന്ന നിലയിൽ വളർന്നുവരുന്ന കൊച്ചി നഗര വികസനപ്രക്രിയ യിൽ വലിയൊരു നേതൃത്വമാണ് മുഖ്യമന്ത്രി വഹിക്കേണ്ടത്. അടുത്ത കാലത്തുണ്ടായ മാലിന്യപ്രശ്നം പരിഹരിക്കാൻ കൈക്കൊണ്ട തീരുമാനം ശ്ലാഘനീയമാണ്. എറണാകുളം നഗരത്തെ വെല്ലിംഗ്ടൺ ഐലൻഡുമായും മട്ടാഞ്ചേരിയുമായും ബന്ധപ്പെടുത്തുന്ന വെണ്ടുരുത്തി പാലം തകരാറിലാണ്. അതിന് പാരലലായി ഒരു പാലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണി തുടങ്ങിയിരുന്നത് നിലച്ചിരിക്കുകയാണ്. ആ പാലത്തിന്റെ പണിയുടെ ചെലവ് ഡിഫെൻസ് മിനിസ്ട്രിയും കൊച്ചിൻ പോർട്ടും സംസ്ഥാന ഗവൺമെന്റ് തുല്യമായാണ് വഹിക്കേണ്ടത് ഇക്കാര്യത്തിൽ മുഖ്യമന്ത്രി മുൻകൈ എടുത്ത് യോഗം വിളിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. നഗര വികസന അതോറിറ്റി വിളിച്ചുകൂട്ടി എറണാകുളത്തെ ട്രാഫിക്കിന്റെ കാര്യത്തിലും ഫ്ളൈ ഓവറുകളുടെ കാര്യത്തിലും തീരുമാനം എടുക്കണം.

**മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ)** : കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നപരിഹാരത്തിനായി ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രത്യേക പ്ളാനിംഗിന് രൂപം നൽകിയിട്ടുണ്ട്. കൊച്ചി നഗരത്തിലെ 16 റോഡുകളെ വികസന പ്രവർത്തന ങ്ങൾക്കായി തെരഞ്ഞെടുക്കുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിൽ 4 പ്രധാനപ്പെട്ട റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര

ഗവൺമെന്റിന് JNNURM-ൽപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. എ.ഡി.ബി.യുടെ സഹായത്തോടെയുള്ള കെ.എസ്.യു.ഡി.പി. മുഖാന്തിരം റോഡ് വികസന ത്തിന് 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള വെണ്ടുരുത്തി പാലം ബാർജ് ഇടിച്ച് കേടായതിനെത്തുടർന്ന് കഴിഞ്ഞ ഗവൺമെന്റ് പുതുക്കിപ്പണി യാൻ തീരുമാനമെടുക്കുകയും 37 കോടി രൂപ ചെലവുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. കേരള ഗവൺമെന്റും കൊച്ചിൻ പോർട്ടും ദക്ഷിണ നാവിക സേനയും ചെലവുകൾ വഹിച്ചുകൊണ്ട് പൈലിംഗ് വർക്കുകൾ 85 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെയു ള്ള പണികൾക്കായി ഒമ്പത് കോടി ഇരുപത്തിയാറ് ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ആറ് കോടി രൂപ ഇനി നൽകാനുണ്ട്. ഫണ്ടിന്റെ അഭാവം മൂലം പണി നിർത്തിവച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനെ ക്കുറിച്ച് ആലോചിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി, വകുപ്പുദ്യോഗസ്ഥർ, നേവൽ ബേസ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം 27.02.2007-ന് വിളിച്ചു ചേർക്കുകയുണ്ടായി. മുൻ തീരുമാനപ്രകാരം വർക്ക് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. JNNURM -ന് വേണ്ടി മുഖ്യ മന്ത്രി ചെയർമാനായി സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി യുടെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ സജീവമായി നടത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇതിനായി പ്രത്യേക മന്ത്രിതല സബ് കമ്മിറ്റി കൂടേണ്ട ആവശ്യം ഇപ്പോഴില്ല.

(3) **ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് മാത്രമായി സംവരണം**

**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്**: കേരളത്തിലെ ആംഗ്ലോ ഇൻഡ്യൻ സമുദായം സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നിലാണ്. ഓരോ വർഷം കഴിയുന്തോറും ആംഗ്ലോ ഇൻഡ്യൻ ജനസംഖ്യ കുറയുകയും അവർ ദാരിദ്ര്യത്തിൽനിന്നും ദാരിദ്ര്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥയുമാണുള്ളത്. 1953-ൽ ലത്തീൻ കത്തോലിക്കരുമായി ച്ചേർന്ന് ആറ് ശതമാനം തൊഴിൽ സംവരണം ഈ സമുദായത്തിന് ലഭിച്ചിരുന്നു. 1956-ൽ അത് അഞ്ച് ശതമാനമായി കുറഞ്ഞു. അതിനുശേഷം അഞ്ച് ശതമാനം ലത്തീൻ കത്തോലിക്കർക്കും ഒരു ശതമാനം ആംഗ്ലോ ഇൻഡ്യനും നൽകി ഉത്തരവിറക്കി. 1958-ൽ ലത്തീൻ കത്തോലിക്കരോടും ആംഗ്ലോ ഇൻഡ്യൻ സമുദായത്തോടും എസ്.ഐ.യു.സി.യെക്കൂടി കൂട്ടിച്ചേർത്തു. യാതൊരു സമാനതകളുമില്ലാത്ത എസ്.ഐ.യു.സി.യെ എങ്ങനെ ലത്തീൻ കത്തോലിക്കരോടും ആംഗ്ലോ ഇൻഡ്യൻ സമുദായത്തോടും ചേർത്തു എന്നത് വളരെ വിചിത്രമാണ്. 1963-ൽ ലത്തീൻ കത്തോലിക്കക്കാർക്ക് മാത്രമായി നാല് ശതമാനം സംവരണം ലഭിച്ചു. എസ്.ഐ.യു.സി.യോട് ആംഗ്ലോ ഇൻഡ്യനെ ചേർത്ത് രണ്ട് ശതമാനം നൽകി ഉത്തരവുണ്ടായി. ഇത് തികച്ചും അന്യായമായിരുന്നു. ആയത് മനസ്സിലാക്കിയ സർക്കാർ ആംഗ്ലോ ഇൻഡ്യൻ സമുദായത്തെഎസ്.ഐ.യു.സി.യിൽനിന്നും വേർപെടുത്തി ലത്തീൻ കത്തോലിക്കരോട് ചേർത്ത് സംവരണം നാല് ശതമാനമാക്കി. എന്നാൽ ഇപ്പോൾ നാടാർ ക്രിസ്ത്യാനികളും നാടാർ ഹിന്ദുക്കളും തമ്മിലുള്ള കേസിന്റെ വിധിയെ ആസ്പദമാക്കി ആംഗ്ലോ

ഇൻഡ്യനെ എസ്.ഐ.യു.സി.യോട് ചേർത്ത് ഒരു ശതമാനം സംവരണം അനുവദിച്ചിരിക്കുകയാണ്. ഈ വിധിയിൽ 1963-ലെ ഒരു തീരുമാനമാണ് പറയുന്നത്. അതുകൊണ്ട് പഴയതുപോലെ ലത്തീൻ കത്തോലിക്കരോട് ചേർത്തോ അല്ലെങ്കിൽ ആംഗ്ളോ ഇൻഡ്യൻ സമുദായത്തിന് പ്രത്യേകമായോ സംവരണം അനുവദിച്ച് തരണം.

**മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>** : ഉദ്യോഗസ്ഥ സംവരണത്തിന്റെ കാര്യത്തിൽ പിന്നോക്ക വിഭാഗ പട്ടികയിൽ ആംഗ്ളോ ഇൻഡ്യൻ ഐറ്റം നമ്പർ മൂന്നായും ലത്തീൻ കത്തോലിക്കർ ഐറ്റം നമ്പർ നാൽപ്പത്തിരണ്ടായുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആ നിലയിലുള്ള ഉദ്യോഗസംവരണം ഇവർക്ക് ലഭിക്കുന്നുണ്ട്. 1953-ൽ ലത്തീൻ കത്തോലിക്കരുമായി ചേർന്ന് ആറ് ശതമാനം സംവരണം ലഭിച്ചിരുന്നത് 1956 ആയപ്പോൾ എസ്.ഐ.യു.സി., ആംഗ്ളോ ഇൻഡ്യൻ എന്നിവർക്കുകൂടി അഞ്ച് ശതമാനം സംവരണം മാത്രമാക്കി മാറ്റി. 1963-ൽ ലത്തീൻ കത്തോലിക്കരെ വേർപെടുത്തി. അവർക്ക് നാല് ശതമാനം സംവരണം നൽകുകയും എസ്.ഐ.യു.സി.ക്കും ആംഗ്ളോ ഇൻഡ്യനുംകൂടി ഒരു ശതമാനം സംവരണം അനുവദിക്കുകയും ചെയ്തു. 1978-ൽ ലത്തീൻ കത്തോലിക്കരോടൊപ്പം ആംഗ്ളോ ഇൻഡ്യനെക്കൂടി ചേർത്ത് നാല് ശതമാനം സംവരണമാക്കി മാറ്റി. 24-2-2005-ലെ സുപ്രീം കോടതിയുടെ ഇടക്കാല വിധിയുടെ വെളിച്ചത്തിൽ ആംഗ്ളോ ഇൻഡ്യൻ സമുദായത്തെ ലത്തീൻ കത്തോലിക്കരിൽനിന്നും വേർപെടുത്തുകയും എസ്.ഐ.യു.സിക്കും ആംഗ്ളോ ഇൻഡ്യൻ സമുദായത്തിനുംകൂടി ഒരു ശതമാനം സംവരണം ഏർപ്പെടുത്തുകയും ഹിന്ദു നാടാർ

വിഭാഗത്തെ മറ്റ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു കൊണ്ടുള്ള താൽക്കാലിക സംവിധാനമാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളത്. പിന്നോക്ക വിഭാഗങ്ങളുടെ സോഷ്യോ എക്കണോമിക് സർവ്വേ നടത്താൻ സർക്കാർ തീരുമാനിക്കുകയും 13.04.2007-ൽ അതിനായി ഉത്തരവ് പുറപ്പെ ടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് ആംഗ്ളോ ഇൻഡ്യൻ, ലത്തീൻ കത്തോലി ക്കർ എന്നിവരുടെ സംവരണ കാര്യത്തിലും ആവശ്യമെങ്കിൽ മാറ്റം വരു ത്തുന്നതാണ്.

**(4) <u>ദൃശ്യ-മാധ്യമ രംഗത്തെ സ്ത്രീ പ്രവർത്തകരുടെ പ്രശ്നങ്ങൾ</u>**

**<u>ശ്രീമതി കെ. കെ. ലതിക</u>**: ദൃശ്യ-മാധ്യമ രംഗത്ത് വനിതാപ്രവർത്തകർ നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്. ഒരു തൊഴിലെന്ന നിലയിലാണ് പെൺകുട്ടികൾ വിവിധ ചാനലുകളിൽ സമയപരിധിയില്ലാതെ പ്രവർത്തി ക്കുന്നത്. പലപ്പോഴും സാമൂഹ്യ -സാംസ്ക്കാരിക നായകർ വളരെ പരിഹാ സത്തോടെയാണ് ഇവരെ കാണുന്നത്. ഇവർക്ക് സേവന- വേതന വ്യവസ്ഥ കൾ നിശ്ചയിക്കുകയും സുരക്ഷിതത്വം ഉറപ്പ് വരുത്താനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

**മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>**: ദൃശ്യ-മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ ജോലി സ്ഥിരത, സേവന- വേതന വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നത് അതാത് മാനേജ്മെന്റുകളാണ്. ഇതുകൂടാതെ ഇവ രുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേന്ദ്ര ഗവൺമെന്റ് നിയോ ഗിച്ചിരിക്കുന്ന വേജ് ബോർഡും നിലവിലുണ്ട്. രജിസ്ട്രാർ ഓഫ് ന്യൂസ്പേ പ്പേഴ്സ്, പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് സ്ഥാപന

ങ്ങൾക്കാണ് ദൃശ്യ-മാധ്യമ രംഗത്തെ നിയന്ത്രണം നൽകിയിട്ടുള്ളത്. ദൃശ്യ മാധ്യമങ്ങളിലെ റിപ്പോർട്ടർമാരുടെ തൊഴിൽ, വേതനം, സുരക്ഷിതത്വം തുടങ്ങിയ കാര്യങ്ങളിൽ നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അവർക്ക് സേവന-വേതന വ്യവസ്ഥകളുണ്ടെങ്കിലും വിഷമതകൾ അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ബന്ധപ്പെട്ടവരുടെ പരിഗണനയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതാണ്.

## (5) <u>പുതിയ റേഷൻ കാർഡിൽ വീട്ടുനമ്പർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്</u>

<u>**പ്രൊഫ. എൻ. ജയരാജ്:**</u> കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ 1993-94-ൽ നൽകിയ വീട്ടുനമ്പരുകളാണ് നിലവിലുള്ളത്. അതിനുശേഷം രണ്ട്പ്രാവശ്യം വാർഡ് വിഭജനവും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പും നടന്നെങ്കിലും പഴയ നമ്പരുകളാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇപ്പോൾ റേഷൻ കാർഡ് പുതുക്കുന്ന നടപടികൾ ആരംഭിച്ചപ്പോൾ പുതിയ റേഷൻ കാർഡുകളിൽ ഏത് വാർഡ് നമ്പരും വീട്ടുനമ്പരും രേഖപ്പെടുത്തണമെന്ന് വ്യക്തമല്ല. ആയതിനാൽ വാർഡ് നമ്പരും വീട്ടുനമ്പരും നിർണ്ണയിച്ച് ആ നമ്പർ പ്രകാരം റേഷൻ കാർഡുകൾ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. ദിവാകരൻ</u>):** റേഷൻ കാർഡ് പുതുക്കാനുള്ള അപേക്ഷയിൽ നിലവിലുള്ള റേഷൻ കാർഡിലെ നമ്പർ രേഖപ്പെടുത്തിയാണ് കാർഡുടമകൾക്ക് റേഷൻ കടകൾവഴി ഫോം നൽകുന്നത്. അതിൽ ക്രമനമ്പർ അഞ്ചിൽ വാർഡ് നമ്പരിലോ വീട്ടുനമ്പരിലോ പ്രാബല്യത്തിലുള്ള നമ്പരിൽനിന്നും വ്യത്യാസമുണ്ടെങ്കിൽ അതാത് കോളങ്ങൾക്ക് നേരെ വലതുവശത്തായി നിശ്ച

യിച്ച സ്ഥലത്ത് കാർഡുടമകൾക്ക് ആ വിവരം നൽകാവുന്നതാണ്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ പൂരിപ്പിക്കാത്ത ഫോം നൽകിയ ചില പ്രദേശത്ത് തൽസമയത്തെ വിവരങ്ങൾ എഴുതിയാൽമതി. അത് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ആവശ്യമില്ല.

**(6) രാജേഷിന്റെ ദുരൂഹ മരണം**

**ശ്രീ പള്ളിപ്രം ബാലൻ** : ചെറുവത്തൂർ പഞ്ചായത്തിലെ രാജേഷിന്റെ ദുരൂഹ മരണം കൊലപാതകമാണെന്ന സംശയത്തെത്തുടർന്ന് പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുകയും അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കണമെന്നും കുറ്റവാളികളെ കണ്ടെത്തി ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടതിന്റെ ഫലമായി പോലീസ് അന്വേഷണം നടത്തി രണ്ട്പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതൊരു കൊലപാതകമല്ല അപകട മരണമാണെന്നാണ് പോലീസിന്റെ നിഗമനം. അപകട മരണമാണെങ്കിൽ രാജേഷിന്റെ വസ്ത്രത്തിലോ ശരീരത്തിലോ പാടുകളുണ്ടാകണം. അതിനാൽ പോലീസിന്റെ അന്വേഷണം വൃഥാവിലാണെന്നാണ് നാട്ടുകാർ പറയുന്നത്. സംശയങ്ങൾ നിലനിൽക്കുന്നതിനാൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റവാളികളെ പുറത്തുകൊണ്ടുവന്ന് കർശന നടപടി സ്വീകരിക്കണം.

(ഇത് സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞിരാമനും നോട്ടീസ് നൽകിയിട്ടുണ്ട്)

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ)**: 11.6.2007-ന് രാജേഷിന്റെ മൃതദേഹം മടക്കരപുഴയിൽ ബോട്ട്ജെട്ടിക്ക് സമീപം കാണപ്പെട്ടു. രാജേഷിന്റെ അച്ഛന്റെ അനുജൻ അപ്പുവിന്റെ പരാതി പ്രകാരം ചന്തേര പോലീസ് കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. മൃതശരീരത്തിൽ മുറിവുകൾ കണ്ടതിനാലും മരണകാരണത്തിൽ സംശയമുണ്ടെന്ന പരാതിയുടെയും അടിസ്ഥാനത്തിൽ കേസ് വിപുലമായി അന്വേഷിച്ചു. മടക്കര ജെട്ടിയിൽ നിർത്തിയിട്ടിരുന്ന ബോട്ടിൽ അതിലെ ജീവനക്കാരനായ സുകുമാരനും രാജേഷുംകൂടി 10-ാം തീയതി വൈകിട്ട് 5 മണിക്ക് ശേഷം ഇരിക്കവേ രാത്രി 7.30-ന് ബോട്ടിലെ വെള്ളം പമ്പ് ചെയ്യുന്നതിനായി എത്തിയ മറ്റൊരു ജീവനക്കാരനായ വിശ്വംഭരനെ കണ്ട രാജേഷ് ബോട്ടിന്റെ പിൻവശത്തേയ്ക്കുപോവുകയും വിശ്വംഭരൻ ബോട്ട് സ്റ്റാർട്ട് ചെയ്ത് മുന്നോട്ടെടുത്ത സമയം രാജേഷ് വെള്ളത്തിലേയ്ക്ക് വീഴുകയുമുണ്ടായി എന്നാണ് റിപ്പോർട്ട് ലഭിച്ചത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ 'ഡ്രൗണിംഗ്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രാജേഷ് ഇരുന്ന ബോട്ടും പരിസരവും പരിശോധിച്ചപ്പോൾ ബോട്ടിൽനിന്നും പുഴയിലേയ്ക്ക് വീണപ്പോൾ ബോട്ടിന്റെ പിന്നിൽ കറങ്ങിക്കൊണ്ടിരുന്ന പ്രൊപ്പല്ലർ തട്ടിയാണ് ശരീരത്തിൽ മുറിവുണ്ടായതെന്നും വിശ്വംഭരൻ അശ്രദ്ധമായി ബോട്ട് ഓടിച്ചതുമൂലമാണ് രാജേഷ് പുഴയിലേയ്ക്ക് വീഴാൻ ഇടയായതെന്നും അയാളെ രക്ഷിക്കാൻ ശ്രമിക്കുകയോ മറ്റുള്ളവരെ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് 29-ാം തീയതി പ്രതിയെ റിമാന്റ് ചെയ്തിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തും. മറ്റ് ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തേണ്ടതുണ്ടെങ്കിൽ അതിന് നടപടി എടുക്കുന്നതാണ്.

## (7) <u>വൺ റാങ്ക് വൺ പെൻഷൻ</u>

**<u>ശ്രീ. കെ.സി. വേണുഗോപാൽ</u>:** 1.4.2005 മുതൽ വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പാക്കി ഉത്തരവായത് സംബന്ധിച്ച എല്ലാ രേഖകളും ട്രഷറിയിലുണ്ട്. 2894 പേർക്ക് പത്തുമാസത്തിനിടയിൽ ഈ പെൻഷൻ കൊടുത്തുവെന്നും ഡിസംബർ മാസത്തിനുള്ളിൽ മുഴുവൻ പേർക്കും കൊടുത്തുതീർക്കുമെന്നുമാണ് ഗവൺമെന്റ് വെളിപ്പെടുത്തിയിട്ടുള്ളത്. അർഹതപ്പെട്ട എല്ലാവർക്കും എത്രയുംപെട്ടെന്ന് ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ : തോമസ് ഐസക്</u>):** വൺ റാങ്ക് വൺ പെൻഷൻ തത്വപ്രകാരം പെൻഷൻ നിശ്ചയിച്ച് കൊടുക്കുന്നതിന് സർക്കാർ ധൃതഗതിയിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പെൻഷൻകാരുടെ രേഖകൾ ശേഖരിക്കുന്നത് സംബന്ധിച്ച നടപടി ലളിതമാക്കിയിട്ടുണ്ട്. 20 ശതമാനം പേർക്കാണ് ഈ തത്വ പ്രകാരം ഇനി പെൻഷൻ ലഭിക്കേണ്ടത്. എ.ജി.യുടെ ഓഫീസിലെ തർക്കംമൂലമുണ്ടായ കാലതാമസത്തിന് പെൻഷൻകാർക്ക് 8 ശതമാനം പലിശ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ ഡി.എ.യും കൊടുത്തുകഴിഞ്ഞു. എ.ജി-യുടെ ആഫീസിലെ തർക്കം തീർന്നിട്ടുണ്ട്. പ്രതിദിനം 500 അപേക്ഷകൾ പ്രോസസ് ചെയ്തുകൊണ്ടിരിക്കുന്നുവെന്നും 1990-ന് മുമ്പ് വിരമിച്ചവരുടെ പെൻഷൻ പരിഷ്ക്കരണം 2007 സെപ്റ്റംബറോടെയും ബാക്കിയുള്ളവരുടേത് ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് ചെയ്യാമെന്നും എ.ജി. അറിയിച്ചിട്ടുണ്ട്. പെൻഷൻ പരിഷ്ക്കരണത്തിന് റിട്ടയർ ചെയ്ത സമയത്തെ രേഖകൾ മുഴുവൻ ആവശ്യമാണ്. 1990-ന് മുമ്പ് വിരമിച്ചവരുടെ റിക്കാർഡുകൾ ട്രഷറികളിലോ ബാങ്കുകളിലോ ലഭ്യമല്ല. ധനകാര്യം സംബന്ധിച്ച സബ്ജക്ട്

കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്.

**(8) <u>കൊട്ടാരക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ</u>**

**<u>ശ്രീമതി പി. അയിഷാ പോറ്റി</u>** : ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊട്ടാരക്കരയിൽ ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള പോലീസ് സ്റ്റേഷനെ ട്രാഫിക് പോലീസ് സ്റ്റേഷനാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>**: കൊട്ടാരക്കരയിൽ പ്രവർത്തിച്ചുവരുന്ന ട്രാഫിക് യൂണിറ്റിന് കേസ് രജിസ്റ്റർ ചെയ്യാൻ അധികാരം നൽകണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യാനുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

**(9) <u>നിലമ്പൂരിൽ മിനി സിവിൽ സ്റ്റേഷൻ</u>**

**<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>**: നിലമ്പൂരിൽ താലൂക്ക് ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യമില്ല. നിലമ്പൂരിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാണ്. അടിയന്തിരമായി സ്ഥലം ഏറ്റെടുത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>** : സിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച് 24.1.2007-ൽ റവന്യൂ-വനം വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം എം.എൽ.എ.യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും

പങ്കെടുത്ത യോഗത്തിൽ വനം വകുപ്പിന്റെ കൈവശമുള്ള നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഓഫീസ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽനിന്ന് മിനി സിവിൽ സ്റ്റേഷന് ആവശ്യമായ സ്ഥലം വിട്ടുകിട്ടണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത സ്ഥലം ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ് നിയമ വകുപ്പിൽനിന്ന് അറിയിച്ചിരിക്കുന്നത്. ഭൂമി വിട്ടുകിട്ടാൻ നടപടി സ്വീകരിക്കണമെന്ന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ മിനി സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുന്നതാണ്.

(ശ്രീ. വി. ശിവൻകുട്ടി നോട്ടീസ് നൽകിയ സബ്മിഷൻ മറുപടി പറയേണ്ട മന്ത്രിയുടെ അഭാവത്തിൽ 23-7-2007-ലേയ്ക്ക് മാറ്റിവച്ചു.)

### (10) <u>യുവകർഷകർക്കുള്ള തൊഴിൽദാന പദ്ധതി</u>

**<u>ശ്രീ. കെ.കെ. ഷാജു</u>**: 1994-ൽ കൊണ്ടുവന്ന ഒരു ലക്ഷം യുവകർഷകർക്കുള്ള തൊഴിൽദാന പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ വിഭാവന ചെയ്തിരുന്നു. കോടിക്കണക്കിന് രൂപ ഈ പദ്ധതി ഇനത്തിൽ സമാഹരിച്ചിട്ടുണ്ട്. ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാനും ഇതിലെ പ്രതിനിധികളെ ഓരോ കൃഷി ഭവനിലും വികസന സമിതി അംഗങ്ങളാക്കാനും നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>**: . ഈ പദ്ധതിയിൽ 104213 യുവജനങ്ങൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14309 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 42592 പേർ സ്ത്രീകളുമാണ്. ആകെ 10,41,98,508 രൂപ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ പദ്ധതി വിഹിതമായി ലഭിച്ചിട്ടുണ്ട്. അതിന്റെ പലിശ ഉൾപ്പെടെ 64 കോടി

രൂപയിലധികം കൃഷി ഡയറക്ടറുടെ ടി.എസ്.പി. അക്കൗണ്ടിലുണ്ട്. ഈ ഗവൺമെന്റ് ഈ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല. യുവകർഷകരെ രക്ഷിക്കുന്നതിന് ഈ പദ്ധതി നടപ്പാക്കാൻ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ പ്ളാനിംഗ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (11) <u>കഴക്കൂട്ടം മണ്ഡലത്തിലെ കടലാക്രമണം</u>

**<u>ശ്രീ. എം.എ. വാഹീദ്:</u>** കഴക്കൂട്ടം മണ്ഡലത്തിലെ 22 കിലോമീറ്ററോളമുള്ള കടൽതീരത്ത് കടൽക്ഷോഭംമൂലം ആളുകൾ ബുദ്ധിമുട്ടുകയാണ്. വേളി, പള്ളിത്തുറ ഭാഗങ്ങളിൽ കടൽക്ഷോഭം ഏറ്റവും രൂക്ഷമായിരിക്കുകയാണ്. മൽസ്യബന്ധന ഉപകരണങ്ങൾ ഉള്ളതിനാൽ അവർക്ക് മറ്റ് സ്ഥലങ്ങളിൽപ്പോയി താമസിക്കാൻ കഴിയില്ല. ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക ലഭ്യമാക്കി ജലസേചന വകുപ്പ് അടിയന്തിരമായി കടൽതീരത്ത് കല്ലടുക്കി കടലാക്രമണം തടയാനും തീരദേശ പ്രദേശങ്ങളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u>** കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ വേളി പുഴയ്ക്ക് വടക്ക്ഭാഗത്ത് 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 12-ാം ധനകാര്യകമ്മിഷനിൽ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 300 മീറ്റർ കടൽഭിത്തിയുടെ പണി ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം നേരിടുന്ന മേഖലകളിൽ അടിയന്തിര പ്രതിരോധപ്രവർത്തനങ്ങൾ നടത്താനാവശ്യമായിട്ടുള്ള നിർദ്ദേശം ഇതിനകം ചീഫ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പാറ അംഗീകൃത ക്വാറികളിൽ നിന്ന്

ലഭിക്കുന്നതിനുവേണ്ടി റവന്യൂവകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

## (12) <u>ഭക്ഷ്യധാന്യ തിരിമറി</u>

<u>**ശ്രീ. ജോർജ് മേഴ്സിയർ:**</u> എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം വെങ്ങാനൂർ പഞ്ചായത്തിൽ എട്ട് പണികൾക്കായി അനുവദിച്ച അരി മുഴുവൻ മറിച്ചുവിറ്റ പ്രശ്നവുമായി ബന്ധപ്പെട്ട് പ്യൂണിനെ മാത്രം സസ്പെൻഡ് ചെയ്ത് യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. എഫ്.സി.ഐ.-യിലെ ഉദ്യോഗസ്ഥർ കൂടി ഉൾപ്പെട്ട ഈ കേസ് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം.

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** <u>**(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):**</u> എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്ന 373 മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ ആദ്യത്തെ ഇന്റന്റ് പ്രകാരമുള്ള 36.42 മെട്രിക് ടൺ ഭക്ഷ്യധാന്യം കഴക്കൂട്ടം എഫ്.സി.ഐ. ഗോഡൗണിൽ നിന്ന് കൈപ്പറ്റാനായി പഞ്ചായത്ത് പ്യൂൺ ശിവരാജനെ ചുമതലപ്പെടുത്തി. 15-5-07-ന് കഴക്കൂട്ടം ഗോഡൗണിൽ നിന്ന് ഭക്ഷ്യധാന്യം റിലീസ് ചെയ്തതായി ഡിപ്പോ എൻജിനീയർ അറിയിച്ചെങ്കിലും ഓഫീസ് അക്കൗണ്ടിൽ ഭക്ഷ്യധാന്യം വന്നതായി രേഖ കാണുന്നില്ല. പഞ്ചായത്തിന് അരി ലഭിക്കാതെ വന്ന സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പരാതിപ്രകാരം വിഴിഞ്ഞം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും പ്രാഥമിക അന്വേഷണത്തിൽ 300 ടൺ അരി രണ്ട് ഗോഡൗണുകളിലായി സൂക്ഷിച്ചിട്ടുള്ളതായും ബാക്കി അരി വിൽപ്പന നടത്തിയതായുമാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. പഞ്ചായത്ത് പ്യൂൺ, കോൺട്രാക്ടർ, അരിമൊത്തക്കച്ചവടക്കാരൻ എന്നിവരെ അറസ്റ്റ്

ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി 9-7-07-ൽ അടിയന്തിരയോഗം ചേർന്ന് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവണ്മെന്റ് സ്ഥാപനവുമായി ബന്ധപ്പെട്ട ഈ കേസ്സ് സി.ബി.ഐ-.ക്ക് റഫർ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. തിരിമറി നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

### (13) നെടുമ്പാശ്ശേരി കുമരകം റോഡ് വികസനം.

**ശ്രീ. കെ. അജിത്:** അന്തർദ്ദേശീയ ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തേയ്ക്ക് ടൂറിസ്റ്റുകൾക്ക് എളുപ്പത്തിൽ എത്തുന്നതിനും ചരക്കു ഗതാഗതം വേഗത്തിലാക്കുന്നതിനുമായി നെടുമ്പാശ്ശേരി കുമരകം റോഡ് വൈക്കം കുമരകം റോഡുമായി ബന്ധപ്പെടുത്തി വികസിപ്പിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** പൊതുമരാമത്ത് വകുപ്പിന്റെ ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മതിയായ ഫണ്ട് ലഭിക്കുകയോ ടൂറിസം വികസനം കണക്കിലെടുത്ത് ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കുകയോ ചെയ്താൽ പ്രസ്തുത റോഡ് വികസനം പരിഗണിക്കുന്നതാണ്.

### (14) പോത്തുണ്ടി ഡാം സ്രോതസ്സായ കുടിവെള്ള പദ്ധതി.

**ശ്രീ. വി. ചെന്താമരാക്ഷൻ:** കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ നെന്മാറ, അയിലൂർ, എലവഞ്ചേരി പഞ്ചായത്തുകൾക്കായി കേരള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ.. പ്രേമചന്ദ്രൻ):** നെന്മാറ, അയിലൂർ, പല്ലശ്ശന, ആലത്തൂർ, മേലാർക്കോട് പഞ്ചായത്തുകൾക്കുവേണ്ടി പോത്തുണ്ടി ഡാമിൽ നിന്നും ഏകദേശം 14.31 ദശലക്ഷം ലിറ്റർ ജലം

ആവശ്യമായിട്ടുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാരംഭനടപടികൾ പാലക്കാട് ഇൻവെസ്റ്റിഗേഷൻ ഡിവിഷനിൽ നടന്നുവരുന്നു. ഡീറ്റയിൽഡ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

### (15) <u>പെപ്സി കൊക്കകോള കമ്പനികളുടെ ജലചൂഷണം.</u>

**<u>ശ്രീ. സി.പി. മുഹമ്മദ്</u>:** കൊക്കകോള, പെപ്സി ബഹുരാഷ്ട്ര കമ്പനികളുടെ പ്രവർത്തനഫലമായി രോഗം ബാധിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും പെപ്സി കമ്പനിയുടെ ജലചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>:** പെപ്സി, കൊക്കകോള കമ്പനികൾ നടത്തുന്ന ജലചൂഷണം സംബന്ധിച്ചും അമിത ജലചൂഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ചും നിയമസഭയുടെ മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി നടത്തുന്ന പഠനത്തിന്റെ ഭാഗമായി വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പഠനറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ട് അനുസരിച്ച് കൊക്കകോളയുടെ ജലചൂഷണ കാര്യത്തിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധനത്തിന്മേൽ ഹർജിയും ഹർജിയിന്മേൽ അപ്പീലും സുപ്രീംകോടതിയിൽ നിലനിൽക്കുന്നതിനാൽ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ കാര്യത്തിൽ ഗവണ്മെന്റിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## (16) ലീസ് കർഷകരുടെ പ്രശ്നങ്ങൾ.

**ശ്രീ. പി. കൃഷ്ണപ്രസാദ്:** വയനാട് ജില്ലയിൽ നൂൽപ്പുഴ, സുൽത്താൻബത്തേരി പഞ്ചായത്തുകളിൽ വനഭൂമിയോട് ചേർന്നും വനത്തിനകത്തും ലീസ് വ്യവസ്ഥപ്രകാരം ലഭിച്ച ഭൂമിയിൽ കൃഷി ചെയ്ത് താമസിക്കുന്ന രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക് കൈവശരേഖയും പട്ടയവും കൊടുക്കാനും വനത്തിനകത്ത് താമസിക്കുന്ന പുറത്ത് വരാൻ ആഗ്രഹമുള്ള ആദിവാസികൾക്ക് ഒരു പ്രത്യേക സ്കീം തയ്യാറാക്കി നടപ്പിലാക്കാനും കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ):** വയനാട് ജില്ലയിൽ നൂൽപ്പുഴ, സുൽത്താൻബത്തേരി പഞ്ചായത്തുകളിൽ വനഭൂമിയോട് ചേർന്നും വനത്തിനകത്തും വർഷങ്ങളായി താമസിക്കുന്ന ആദിവാസികളും അല്ലാത്തവരുമായ കുടംബങ്ങളുടെ പ്രശ്നങ്ങൾ വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി തീർപ്പുകൽപ്പിക്കേണ്ട വിഷയമാണ്. പത്തനംതിട്ട, പാലക്കാട്, തൃശൂർ ജില്ലകളിലും ഈ പ്രശ്നമുണ്ട്. ഈ കാര്യത്തിൽ രണ്ട് വകുപ്പുകളുടെയും മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ഒരു യോഗം അടുത്ത ആഴ്ചയിൽ വിളിച്ച് ചേർത്ത് ശാശ്വതപരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. വനത്തിനകത്ത് താമസിക്കുന്ന, പുറത്ത് വരാൻ ആഗ്രഹിക്കുന്ന ആദിവാസി കുടുംബങ്ങളെ പുരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ലീസ് ഭൂമി കൈവശമുള്ള ആദിവാസി കുടുംബങ്ങൾക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മറ്റുള്ളവരുടെ കൈവശമുള്ള ഭൂമി സംയുക്തമായി അളന്ന് തിട്ടപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (17) <u>പാപനാശത്തെ കുന്ന് തകർന്ന സംഭവം.</u>

**<u>ശ്രീ. വർക്കല കഹാർ</u>:** അനധികൃത നിർമ്മാണങ്ങളുടേയും കയ്യേറ്റത്തിന്റെയും ഫലമായി വർക്കലയിലെ പാപനാശം കുന്നുകൾ കനത്തമഴയിലും കടൽക്ഷോഭത്തിലും പെട്ട് തകർന്നിരിക്കുകയാണ്. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെയും ജിയോളജി, റവന്യൂ വകുപ്പുകളുടെയും സംയുക്തസംഘത്തെക്കൊണ്ട് അന്വേഷിപ്പിച്ച് ശക്തമായ നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>:** ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തിക്ക് 50 മീറ്റർ അകലെ പാപനാശം കുന്നുകളുടെ ഒരു ഭാഗം ഇടിഞ്ഞുവീണിരിക്കുകയാണ്. അപകട സ്ഥലത്തേയ്ക്ക് ആളുകളെ കടത്തിവിടരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കയ്യേറ്റം കർശനമായി ചെറുക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ സെസ്സ്, ലാൻഡ് യൂസ് ബോർഡ്, കാർഷിക സർവ്വകലാശാല, ജിയോളജി എന്നീ വകുപ്പുകളിലെ ശാസ്ത്രജ്ഞരേയും വിദഗ്ദ്ധരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടീമിനോട് ഇതിനെക്കുറിച്ച് പഠിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുന്നതാണ്.

## (18) <u>റവന്യൂവകുപ്പിൽ നിന്നും സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്നത് സംബന്ധിച്ച്.</u>

**<u>ശ്രീ. കെ.കെ. ജയചന്ദ്രൻ:</u>** റവന്യൂ വകുപ്പിൽ നിന്ന് ഇറക്കിയ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ ഏലം കൃഷി ചെയ്യുന്നവർക്ക് താലൂക്കാഫീസിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റും . നിജസ്ഥിതി സർട്ടിഫിക്കറ്റും

കൊടുക്കാത്തിന്റെ ഫലമായി നിലവിലുള്ള ലോണുകൾ പുതുക്കുന്നതിനും പുതിയ ലോണുകൾ എടുക്കുന്നതിനും കഴിയാത്ത അവസ്ഥയാണുള്ളത്. അഞ്ച് സെന്റ് വരെയുള്ള സ്ഥലത്തിന് കൈവശരേഖ വില്ലേജാഫീസിൽ നിന്നും കൊടുക്കാത്തതിന്റെ ഫലമായി പുതിയ വീടുകൾ വയ്ക്കാനോ വീടുകൾ വൈദ്യുതീകരിക്കാനോ കഴിയുന്നില്ല. ജാതി സർട്ടിഫിക്കറ്റുകളും കൊടുക്കുന്നില്ല. ഇതിനൊക്കെ പരിഹാരം കാണണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>**: ഇടുക്കി ജില്ലയിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട കൈവശാവകാശ സർട്ടിഫിക്കറ്റ്, നിജസ്ഥിതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ നിഷേധിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇത്തരം തടസ്സങ്ങൾ നീക്കി സർട്ടിഫിക്കറ്റ് യഥാസമയം വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതികണക്ഷൻ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(19) <u>സർക്കാർ ആശുപത്രികളിൽ ഏകീകൃത സ്റ്റാഫ് പാറ്റേൺ</u>**

**<u>ശ്രീ. ടി.എൻ. പ്രതാപൻ:</u>** പി.എച്ച്.സി., സി.എച്ച്.സി. ഉൾപ്പെടെ സംസ്ഥാന ആരോഗ്യ വകുപ്പിൽ ഒരു ഏകീകൃത സ്റ്റാഫ് പാറ്റേൺ പ്രാബല്യ ത്തിൽ വരുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u>** സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശു പത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും നഴ്സുമാ രുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും

എണ്ണം ഐ.പി.എച്ച്. സ്റ്റാൻഡേർഡ് അനുസരിച്ച് പുതുക്കുന്നതിനായി 126 കോടി രൂപയുടെ അധികബാധ്യത വരുന്ന ഒരു പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**(20) <u>പള്ളിക്കൽ ഡാമിന്റെ അപകടാവസ്ഥ</u>**

**<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>**: 90 വർഷം പഴക്കമുള്ള പള്ളിക്കൽ ഡാം പുതുക്കി പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>**: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ശൂരനാട് പഞ്ചായത്തിലുള്ള പള്ളിക്കൽ ഡാമിന് അപകട ഭീഷണിയില്ല. ഡാമിന്റെ വെൻഡഡ് ക്രോസ് ബാർ പുതുക്കിപ്പണി യേണ്ടതുണ്ട്. ഒരു കോടിരൂപ ചെലവുവരുന്ന ഒരു റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രാഥമിക എസ്റ്റിമേറ്റ് ഈ വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

**(21) <u>മൂന്നാർ ദൗത്യസംഘത്തിന്റെ പ്രവർത്തനം</u>**

**<u>ശ്രീ. കെ. ബാബു</u>**: ആവശ്യമായ പ്രവർത്തന ഫണ്ട്, ഇന്ധനത്തിനുള്ള തുക, സർവ്വേ ജോലിക്കാർക്കുള്ള ബത്ത തുടങ്ങിയവ ലഭ്യമാക്കാത്തതിനാൽ മൂന്നാർ ദൗത്യസംഘത്തിന്റെ പ്രവർത്തനം നിശ്ചലമായിരിക്കുകയാണ്. ഇതു സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

**റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ)</u>**: പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തതമൂലം മൂന്നാർ ദൗത്യസംഘത്തിന്റെ പ്രവർത്തന ത്തിന് തടസ്സം വന്നിട്ടില്ല. രണ്ട് ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ പല ജില്ലകളിൽ നിന്നുള്ള 44 സർവ്വേയർമാർ ഇപ്പോഴും മൂന്നാറിലുണ്ട്. സർവ്വേ നട ത്തുന്നതിന് ആധുനിക യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തഹസീൽദാർമാരു

ടേയും മരാമത്ത് എഞ്ചിനീയർമാരുടേയും സർവ്വേ ഉദ്യോഗസ്ഥരുടേയും ജില്ലാ കളക്ടറുടേയും റിപ്പോർട്ടനുസരിച്ച് തൊഴിലാളികൾക്ക് വേതന കുടി ശ്ശികയില്ല. ജെ.സി.ബി., ടിപ്പർ തുടങ്ങിയ യന്ത്രങ്ങളുടേയും വാഹനങ്ങളു ടേയും ബില്ലുകൾ പൊതുമരാമത്ത് വകുപ്പ് നൽകുന്ന മുറയ്ക്ക് കൊടുക്കു ന്നതാണ്. 15 ലക്ഷം രൂപ ഇതിനകം നൽകിക്കഴിഞ്ഞു. ഇന്ധനം വാങ്ങിയ വകയിൽ നൽകാനുള്ള തുക ഉടൻ നൽകുന്നതാണ്. അത്യാവശ്യ കാര്യങ്ങൾക്കുള്ള തുക സബ്കളക്ടർമാരുടെ കൈവശമുണ്ട്. മൂന്നാർ ഒഴിപ്പി ക്കലിന് സാമ്പത്തിക തടസ്സമുണ്ടാകരുതെന്ന് കമ്മീഷണർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

**(22) <u>മാങ്ങാട്ടുപറമ്പിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി</u>**

**<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u>** തളിപ്പറമ്പ് മാങ്ങാട്ടുപറമ്പിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ പണി അടിയന്തിരമായി പൂർത്തീകരിക്കുകയും പണിയിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുകയും വേണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>):** തളിപ്പറമ്പ് മാങ്ങാട്ടുപറമ്പിലെ സ്ത്രീകളുടേയും കുട്ടികളു ടേയും ആശുപത്രിയുടെ പണി ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ അത് പൂർത്തിയാക്കിയിട്ടില്ല. വരുന്ന മാർച്ച് 31-നുള്ളിൽ ആശുപത്രി പ്രവർത്തിപ്പിക്കാൻ കഴിയുന്ന വിധത്തിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി പൂർത്തിയാക്കുന്നില്ലെങ്കിൽ ബദൽ സംവിധാനമുണ്ടാക്കുന്നതാണ്.

**മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. റ്റി.യു. കുരുവിള</u>):** ഇക്കാര്യം പരിശോ ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(23) <u>ചേറായിയിൽ 110 കെ.വി. സബ്സ്റ്റേഷൻ</u>**

**<u>ശ്രീ. എം.കെ. പുരുഷോത്തമൻ</u>**: ഞാറയ്ക്കലിലെ ചേറായിയിൽ അടിയന്തിരമായി 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>:** നോർത്ത് പരവൂർ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലൈൻ വലിച്ച് ചേറായിയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 7.80 കോടി രൂപയുടെ ഭരണാനുമതി വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലിയും സർവ്വേ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

**(24) <u>കുമിളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ</u>**

**<u>ശ്രീമതി ഇ.എസ്. ബിജി മോൾ</u>**: കുമിളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മതിയായ സ്റ്റാഫില്ല. എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റു ചെയ്യുന്നില്ല. നാഷണലൈസ്ഡ് റൂട്ട് ആണെങ്കിലും സ്വകാര്യ മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുന്ന വിധത്തിലാണ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. മറ്റു ഡിപ്പോകളിൽ നിന്നും പണിഷ്മെന്റ് ട്രാൻസ്ഫറായി വരുന്ന ഉദ്യോഗസ്ഥർ ഈ ഡിപ്പോയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് യാതൊരു ശ്രദ്ധയും കാണിക്കാറില്ല. പ്രസ്തുത ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും തിരുവനന്തപുരം-കുമിളി ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനും തമിഴ്നാട്ടിലേയ്ക്കുളള അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>:** കുമിളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആകെ 25 ഷെഡ്യൂളു

കളുള്ളതിൽ ശരാശരി 22 എണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോട്ടയം-കുമിളി ഉൾപ്പെടെ കുമിളി സബ്ഡിപ്പോയുമായി ബന്ധമുള്ള റൂട്ടുകളിലെല്ലാം സ്വകാര്യ ബസുകളുമായി മത്സരിക്കേണ്ടി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർ ആരെങ്കിലും സ്വകാര്യ ബസ് ജീവനക്കാരെ സഹായിക്കുന്നതായി പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ശബരിമല സീസണിൽ തീർത്ഥാടകരുടെ സൗകര്യാർത്ഥം കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതുസംബന്ധിച്ച ചർച്ച ആരംഭിച്ചിട്ടുണ്ട്.

### (25) <u>പരശുവയ്ക്കൽ വില്ലേജിൽ പ്രാഥമികാരോഗ്യകേന്ദ്രം</u>

<u>ശ്രീ. ആർ. സെൽവരാജ്:</u> പാറശ്ശാല പഞ്ചായത്തിലെ പരശുവയ്ക്കൽ വില്ലേജിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>)**: പി. എച്ച്. സി. ഇല്ലാത്ത പഞ്ചായത്തുകളിൽ പി. എച്ച്. സി. അനുവദിക്കുന്ന കൂട്ടത്തിൽ പാറശ്ശാല പഞ്ചായത്തിലെ പരശുവയ്ക്കൽ വില്ലേജിനേയും പരിഗണിക്കുന്നതാണ്.

### (26) <u>ഗുരുവായൂരിൽ പ്രാഥമികാരോഗ്യ കേന്ദ്രം</u>

**<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>**: ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>)**: പുതിയ പി. എച്ച്. സി. അനുവദിക്കുന്ന കൂട്ടത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാം.

## (27) <u>മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ</u>

**<u>ശ്രീ. എം. ഉമ്മർ</u>:** മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സ് ഡി.ഡി. ആയി സ്വീകരിക്കുന്നതുമൂലം ജനങ്ങൾക്ക് സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുകയാണ്. ജനസേവന കേന്ദ്രങ്ങൾ വഴി ടാക്സ് അടക്കാനുള്ള സൗകര്യമുണ്ടാക്കണം.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു. ടി. തോമസ്)</u>:** ഡി.ഡി. ആയി ടാക്സ് അടയ്ക്കുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിക്കാം. ആർ.ടി. ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചാൽ മാത്രമേ ജനസേവന കേന്ദ്രങ്ങളിലൂടെയുള്ള സേവനം ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയൂ.

## (28) <u>വൈഗ ത്രെഡ്സിന്റെ ഭൂമി ഏറ്റെടുക്കൽ</u>

**<u>ശ്രീ. ബി.ഡി. ദേവസ്സി:</u>** കൊരട്ടിയിലെ വൈഗാ ത്രെഡ്സ് കമ്പനിയിൽ ഒഴിഞ്ഞു കിടക്കുന്ന ഭൂമി സർക്കാർ ഏറ്റെടുത്ത് പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** വൈഗാ ത്രെഡ്സിനു ലീസിനു കൊടുത്തിട്ടുള്ള കുറയെധികം ഭൂമി ഉപയോഗമില്ലാതെ കാടു പിടിച്ചു കിടക്കുന്നുണ്ട്. ഭൂമിയിൽ നിന്ന് കുറെ മരങ്ങൾ കമ്പനി വെട്ടിമാറ്റിയിട്ടുണ്ട്. കമ്പനിക്കാവശ്യമായ 34 ഏക്കർ 81.5 സെന്റ് സ്ഥലം വിട്ടു കൊടുത്തിട്ട് ബാക്കി സ്ഥലം ഏറ്റെടുത്ത് റവന്യൂ വകുപ്പിന്റെ ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുറിച്ചുമാറ്റിയ വൃക്ഷങ്ങളുടെ വില ആ സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണ്.

## (29) <u>മാറ്റിപ്പാർപ്പിച്ച കുടുംബങ്ങളുടെ പുനരധിവാസം</u>

**<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u>** അഞ്ചുതെങ്ങ് പ്രദേശത്ത് തീപിടിത്തം മൂലം പി. ഡബ്ള്യൂ. ഡി.യുടെ താൽക്കാലിക ഷെഡ്ഡിലേയ്ക്കു മാറ്റിപാർപ്പിച്ച കുടംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പുതിയ വീടുവച്ചു കൊടുക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുകയും താൽക്കാലിക ഷെഡ് കെട്ടിയതിനുള്ള തുക അനുവദിച്ച് നൽകുകയും വേണം.

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** സൂനാമി ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി തീരദേശ സംരക്ഷണ പ്രോജക്ടിൽ ഉൾപ്പെടുത്തി ഈ കുടംബങ്ങളെ മാറ്റി പാർപ്പിക്കാനും താൽക്കാലിക ഷെഡ്ഡ് കെട്ടിയതിനുള്ള പണം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (30) <u>റബ്ബറിന്റെ അവധി വ്യാപാരം</u>

**<u>ശ്രീ. വി.എൻ. വാസവൻ</u>:** കേരളത്തിന്റെ സമ്പദ്ഘടനയെയും റബ്ബർ മേഖലയിലെ കൃഷിക്കാരേയും ചെറുകിട വ്യവസായികളേയും വ്യാപാരികളേയും പ്രതിസന്ധിയിലാക്കുന്ന അവധി വ്യാപാരം നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

**ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u>** കാർഷിക മേഖലയിൽ ഫ്യൂച്ചർ ട്രേഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയാണ് ഇതിനെല്ലാം കാരണം. ഈ ഊഹക്കച്ചവടം റബ്ബറിന്റെ വിലയെ ക്രമാതീതമായി ഉയർത്തുകയും താഴ്ത്തുകയും ചെയ്യും. ഈ മേഖലയുടെ ഫ്യൂച്ചർ ട്രേഡിനെ കൃഷിക്കാരും വ്യാപാരികളും ടയർ കമ്പനികളും അംഗീകരിക്കുന്നില്ല. ഇതുമൂലമുള്ള ഏകനേട്ടം ഒരു പ്രത്യേക ഗ്രൂപ്പിനു മാത്രമാണ്. അതുകൊണ്ട് ഇതു നിരോധിക്കുകയോ കർശനമായി നിയന്ത്രിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെടാം.

## റിപ്പോർട്ട് സമർപ്പണം

(1) 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

(4) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## ധനകാര്യം

2007-08-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചു.

## നിയമനിർമ്മാണകാര്യം

**2007-ലെ കേരള ധനകാര്യ ബില്ലും 2007-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം**

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** 2007-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായും 2007-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബിൽ പ്രത്യേകമായും പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u>** പ്രമേയത്തെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u>** നിയമനിർമ്മാണ പ്രക്രിയയിൽ ഫൈനാൻസ് ബില്ലാണ് ഏറ്റവും സങ്കീർണ്ണവും വിരസവുമായിട്ടുള്ളത്. ഏഴ് ഭേദഗതി നിയമങ്ങളാണ് ഈ ബില്ലിലൂടെ പ്രധാനമായും ചർച്ചയ്ക്കെടുക്കാൻ പോകുന്നത്. സ്റ്റാമ്പ് ഡ്യൂട്ടി ആക്ട്, വില്പന നികുതി ആക്ട്, ചിട്ടി ആക്ട്, മോട്ടോർ വാഹന നിയമം, ലക്ഷ്വറി ടാക്സ് ആക്ട്, വാറ്റ് നിയമം എന്നിവയാണ് പ്രധാനമായും ഭേദഗതി ചെയ്യുന്നത്. പോരായ്മകളുണ്ടെങ്കിൽ അതു സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്.

**<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:** 2007-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2007 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. എം. ഉമ്മർ</u>:** 2007-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u>** 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. എസ്. രാജേന്ദ്രൻ</u>** : 2007-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

**<u>പ്രൊഫ. കെ.വി. തോമസ്</u>**: ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾക്കെല്ലാം അഭിമാനിക്കാവുന്ന ഒരു ദിവസമാണിന്ന്. യു.പി.എ..യുടെ പ്രതിനിധി ശ്രീമതി പ്രതിഭാപാട്ടീൽ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി ജനാധിപത്യ മതേതര-ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തുണയോടുകൂടി തെരഞ്ഞെടുപ്പു നടക്കുന്ന ദിവസമാണിന്ന്. ഇന്ത്യൻ ജനാധിപത്യത്തിൽ വളരെ കാതലായ മാറ്റങ്ങൾ വരുത്താൻ ജനാധിപത്യ ശക്തികൾ ഒന്നിച്ചു മുന്നോട്ടു പോയില്ലെങ്കിൽ വർഗ്ഗീയ ശക്തികൾ നമ്മുടെ രാഷ്ട്രത്തെ നശിപ്പിച്ചു കളയുമെന്ന ബോധം നമുക്കുണ്ടായിട്ടുണ്ട്. വ്യക്തമായ കാഴ്ചപ്പാടിലൂടെ സാമ്പത്തിക മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി ഇന്ന് തത്വശാസ്ത്രങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കുകയാണ്. അതിൽ നിന്നൊക്കെ മാറി. ലോകത്ത് നടക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയണം. മുൻപ് ഇൻഷ്വറൻസ് മേഖല എൽ.ഐ.സി-യുടെ കുത്തകയായിരുന്നു. അതിനുശേഷം സ്വദേശവും വിദേശവുമായ 13 പ്രൈവറ്റ് കമ്പനികൾ വന്നപ്പോഴും എൽ.ഐ.സി-യുടെ വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. ബഡ്ജറ്റിൽ പറഞ്ഞ സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന് പറഞ്ഞെങ്കിലും നാളിതുവരെ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. പരസ്യങ്ങൾക്കുവേണ്ടി വൻ തുകയാണ് ഇതിനകം ചെലവഴിച്ചിട്ടുള്ളത്. കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ സ്വകാര്യ നിക്ഷേപത്തിനനുകൂലമായ ഒരു രാഷ്ട്രീയ അന്തരീക്ഷമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ടൂറിസം രംഗത്തും അനുകൂലമായ സാഹചര്യമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കടക്കെണിയിൽപ്പെട്ട

കർഷകരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി കർഷക കടാശ്വാസ കമ്മിഷന് രൂപം നൽകിയെങ്കിലും അതിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങളൊന്നും ചെയ്തുകൊടുത്തിട്ടില്ല. കടാശ്വാസമിനത്തിൽ നൽകുന്നതിന് ബഡ്ജറ്റിൽ വകകൊളളിച്ചിട്ടുളള 56 കോടി രൂപയ്ക്കുപുറമേ 100 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും അത് നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. ഫിഷറീസ് മേഖലയിൽ തീരദേശ വികസന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ സാധിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്ന പദ്ധതികൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഡൽഹിയിലെ കേരള ഹൗസിൽ സംവിധാനമുണ്ടാക്കണം.

**ശ്രീ. കെ.കെ. ജയചന്ദ്രൻ** : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് അൻപതിനായിരം കോടി രൂപയുടെ ബാദ്ധ്യതയുണ്ടായിരുന്നു. സാമൂഹ്യക്ഷേമ പദ്ധതികളും ആശ്വാസ നടപടികളും നിർത്തിവച്ചും വികസനപ്രവർത്തനത്തിനാവശ്യമായ ഫണ്ട് വെട്ടിക്കുറച്ചുമാണ് കഴിഞ്ഞ ഗവൺമെന്റ് റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചത്. ജീവനക്കാരുടെ 500 കോടി രൂപയുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചു. നിയമന നിരോധനം ഏർപ്പെടുത്തി. ഈ ഗവൺമെന്റ് സംസ്ഥാനത്തെ ജനങ്ങളുടെമേൽ പുതിയ നികുതിബാദ്ധ്യതയൊന്നും അടിച്ചേൽപ്പിക്കാതെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി വരുമാന വർദ്ധനവുണ്ടാക്കി. ഏറ്റവും താഴത്തെ ആറ് സ്കെയിലിലുള്ള ജീവനക്കാരുടെ ശമ്പളം ശമ്പള പരിഷ്ക്കരണ തീയതി മുതൽ വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തീരുമാനമെടുത്തു. ജീവനക്കാർക്ക്

അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തി. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ വിലനിലവാരം പിടിച്ചു നിർത്താൻ സാധിച്ചു. ക്വിന്റലിന് 850 രൂപ നിരക്കിൽ നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിച്ചു. ഏകമാന സംവിധാനത്തിലൂടെ ചെക്ക് പോസ്റ്റുകളിൽ നികുതി പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കണം. സമീപ സംസ്ഥാനങ്ങളിലെ നികുതിയുമായി ബന്ധപ്പെടുത്തി മാർബിൾ, ടൈൽസ് എന്നിവയുടെ നികുതി ഏകീകരിക്കണം. 25 ലക്ഷം രൂപയ്ക്കു മുകളിൽ വിറ്റുവരവുള്ള കൈകൊണ്ടുള്ള സോപ്പ് നിർമ്മാണ യൂണിറ്റുകൾക്കുകൂടി നാല് ശതമാനം നികുതി ആനുകൂല്യം നൽകണം. നാളികേരത്തിന്റെ നികുതി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

**ശ്രീ. കെ. രാജു** : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നികുതി പിരിവിന്റെ കാര്യത്തിൽ എൽ.ഡി.എഫ് സർക്കാർ സർവ്വകാല റിക്കാർഡാണ് സ്ഥാപിച്ചിട്ടുള്ളത്. 46,000 കോടി രൂപയുടെ കടബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ കടത്തിന് പലിശയിനത്തിൽ ഒരു വർഷം 4375.27 കോടി രൂപയാണ് കൊടുക്കേണ്ടത്. ഫലപ്രദമായ ധനകാര്യ മാനേജുമെന്റിലൂടെ നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന കടം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. വാറ്റ് നികുതി ഇനത്തിൽ 20062007 സാമ്പത്തിക വർഷത്തിൽ 4,462 കോടി രൂപ ലഭിച്ച സ്ഥാനത്ത് 2007-2008-ൽ 6,150 കോടിരൂപയാണ് ലക്ഷ്യമിടുന്നത്. വാറ്റ് ഇതര നികുതിയിനത്തിൽ 4,207 കോടി രൂപയിൽനിന്ന് 4,990 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. വിവിധ ക്ഷേമ പദ്ധതി കുടിശ്ശികകൾ തീർക്കാൻ ഈ ഗവണ്മെന്റിന്

കഴിഞ്ഞു. സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യാൻ തീരുമാനിച്ചു. ധനകാര്യ മാനേജ്മെന്റിന്റെ ഫലപ്രദമായ ഇടപെടൽമൂലം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും സാധിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന് 100 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പരമാവധി നികുതി പിരിച്ചെടുക്കാനും റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാനും കഴിഞ്ഞു. നികുതി വകുപ്പ് പരിഷ്ക്കരിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. 6 പുതിയ ട്രഷറികൾ ആരംഭിക്കുമ്പോൾ കുളത്തൂപുഴ കേന്ദ്രമാക്കി ഒരെണ്ണം അനുവദിക്കാൻ നടപടിയുണ്ടാകണം. കേന്ദ്രത്തിന്റെ തെറ്റായ നയംമൂലം ദേശീയ/ചെറുകിട സമ്പാദ്യ പദ്ധതികൾക്കുള്ള ആയിരം കോടി രൂപ നഷ്ടമായി.

**<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ധനസ്ഥിതി മെച്ചപ്പെടുത്താൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ചിട്ടയായി നടപ്പിലാക്കാനുള്ള സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. 2010-2011 വർഷത്തിൽ റവന്യൂകമ്മി 1 ശതമാക്കി കുറയ്ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽ ക്ഷേമ പെൻഷനുകളുടെ 21 മാസത്തെ കുടിശ്ശിക വിതരണം ചെയ്തു. സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുകയും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും കർഷക കടാശ്വാസ കമ്മീഷന് 100 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റ

സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്തിട്ടുള്ള സേവനങ്ങൾ സ്തുത്യർഹമാണ്. അധികച്ചെലവുകൾ ഒഴിവാക്കി കാര്യക്ഷമതയോടെ പ്രവർത്തിച്ചതിന്റെ ഫലമായി ധനമേഖലയിലെ അരാജകത്വം അവസാനിപ്പിക്കാൻ കഴിഞ്ഞു. പ്രതിവർഷം 20 ശതമാനം റവന്യൂ വരുമാനം വർദ്ധിപ്പിച്ച് റവന്യൂ കമ്മി ഇല്ലാതാക്കുന്ന സമീപനം സ്വീകരിച്ചാൽ മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. കേന്ദ്ര-സംസ്ഥാന-സാമ്പത്തിക ബന്ധങ്ങളിൽ ഒരു പുന: ക്രമീകരണം നടത്തി സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകണം. കേന്ദ്ര നികുതി വരുമാനത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറണം. പൊതുകമ്പോളത്തിൽ നിന്ന് വായ്പയെടുക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകണം. കേന്ദ്ര ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യണം. വ്യക്തികൾക്കുമാത്രമേ ചെറുകിട സമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കാൻ പാടുള്ളൂ എന്ന കേന്ദ്ര നയം മാറ്റണം. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപ വായ്പ ലഭ്യമാകാത്ത നിലപാടിൽ മാറ്റമുണ്ടാകണം. വാണിജ്യ നികുതി പിരിവിൽ കഴിഞ്ഞ സാമ്പത്തിക വർഷം റെക്കോർഡ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2008 ആകുമ്പോഴേക്കും 6000 കോടി രൂപ നികുതി വർദ്ധനവുണ്ടാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രകൃതിക്ഷോഭംമൂലമുണ്ടായ നഷ്ടം നികത്താൻ ആവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**<u>ശ്രീ. മോൻസ് ജോസഫ്:</u>** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ കഴിയുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഫലപ്രദമായ

ധനകാര്യമാനേജ്മെന്റിലൂടെ വികസന പ്രവർത്തനങ്ങളെ ക്രമീകരിക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമങ്ങളെ അനുമോദിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ സംസ്ഥാനം നിൽക്കുമ്പോഴാണ് ഈ സർക്കാർ അധികാര മേൽക്കുന്നത്. ഫലപ്രദമായ ധനകാര്യ മാനേജുമെന്റിലൂടെ ഈ പ്രതിസന്ധി തരണം ചെയ്യാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കരാറുകാർക്കുള്ള കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർത്ത് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന കെ.എസ്.ടി.പി. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെൻഡർ വിളിക്കുകയോ പതിബെൽ കമ്പനിയെ ഏൽപ്പിക്കുകയോ ചെയ്ത് പ്രശ്ന പരിഹാരമുണ്ടാക്കണം. മൂവാറ്റുപുഴ മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിന്റെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ആ ഭാഗത്തെ പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കുന്ന പരമാവധി ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകണം.

**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 45,929.05 കോടി രൂപയുടെ കടബാധ്യതയാണ് ഉണ്ടായിരുന്നത്. പ്ളാൻ ഫണ്ട് കുറയ്ക്കാതെ, ക്ഷേമപദ്ധതികൾ ഇല്ലാതാക്കാതെ, സർക്കാർ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ പിടിച്ചെടുക്കാതെ, നികുതി വർദ്ധിപ്പിക്കാതെ, അധിക സാമ്പത്തിക ബാധ്യത ജനങ്ങളുടെ മേൽ ഏൽപ്പിക്കാതെ സംസ്ഥാനത്ത് വരുമാനം വർദ്ധി

പ്പിച്ച് ഒരു സമഗ്ര സാമ്പത്തിക നയം ഉണ്ടാക്കാൻ കഴിയുമെന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം കൊണ്ട് സംസ്ഥാനത്ത് 1089.68 കോടി രൂപയുടെ അധിക നികുതി പിരിച്ചെടുക്കാനും നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. അധിക വിഭവ സമാഹരണത്തിലൂടെ വരുമാനം വർദ്ധിപ്പിച്ച് റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2010-2011 ആകുമ്പോൾ റവന്യൂ കമ്മി ഒരു ശതമാനത്തിന് താഴെ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി മെച്ചപ്പെട്ട സാമ്പത്തിക മാനേജുമെന്റിലൂടെയാണ് ഈ സർക്കാർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്താനും കർഷക കടാശ്വാസ കമ്മിഷന് 100 കോടി രൂപ കൊടുക്കാനും  കഴിഞ്ഞിട്ടുണ്ട്. കിലോഗ്രാമിന് എട്ടര രൂപ നിശ്ചയിച്ച് നെല്ല് സംഭരിക്കാൻ തയ്യാറായത് സ്വാഗതാർഹമാണ്. മഞ്ചേശ്വരം ചെക്ക്പോസ്റ്റ് നവീകരിക്കുമെന്നും ആധുനിക സൗകര്യങ്ങളോടുകൂടിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്യുന്നു. കാർഷിക പാക്കേജിലുൾപ്പെടുത്തി ഈ  മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട്  പോയിക്കൊണ്ടിരിക്കുകയാണ്.  ചുരുങ്ങിയ പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കാനും നാളികേരത്തിനും നാളികേര ഉൽപ്പന്നങ്ങൾക്കുമുള്ള നികുതി ഒഴിവാക്കാനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തിന്  50,000 രൂപ വീതം നൽകാനും കാർഷിക മേഖലയിൽ ഫലപ്രദമായി ഇടപെടാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. കാസർഗോഡുള്ള അടയ്ക്കാ കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഒരു

പ്രത്യേക പാക്കേജ് കൊണ്ടുവരണം. അടയ്ക്ക സംഭരണം ഏർപ്പെടുത്തി കർഷകരെ സംരക്ഷിക്കണം. വ്യാവസായിക രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചു. 22 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുകയും 98 കോടി രൂപ ലാഭമുണ്ടാക്കുകയും ചെയ്തു. യു.ഡി.എഫ്. ഗവൺമെൻറിന്റെ കാലത്ത് വിൽക്കാനും പൂട്ടാനും ശ്രമിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും നവീകരണ പുനരുദ്ധാരണ നടപടികളിലൂടെ അവയെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒട്ടനവധി കാര്യങ്ങൾ ചെയ്തു. ധനകാര്യ വകുപ്പിന്റെ സഹായത്തോടുകൂടി മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അഴിമതി രഹിതമായ ഒരു ഭരണമാണ് ഇപ്പോഴുള്ളത്.

**<u>ശ്രീ. ജോസ് തെറ്റയിൽ</u>**: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. 2010-2011 ആകുമ്പോൾ റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യണം. നിയോജകമണ്ഡലത്തിലെ വർക്കുകൾ ചെയ്യുന്നതിനുവേണ്ടി എം.എൽ.എ.മാർക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് വർദ്ധിപ്പിക്കണം. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണം. നികുതിവർദ്ധനയിൽ വമ്പിച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. ലോട്ടറിയുടെ ഘടനയിൽ മാറ്റം വരുത്തി ലഘൂകരിക്കണം. ജനങ്ങൾക്ക് അത്യന്താപേക്ഷിതമായ കുടിവെള്ള ജലസേചന പദ്ധതികൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തണം. ജാതിയ്ക്കക്ക് കൂടുതൽ വില

ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണണം. എം.എ.സി.ടി. ക്ളെയിം അനുസരിച്ച് കൊടുക്കാനുള്ള കുടിശ്ശിക എത്രയുംവേഗം കൊടുക്കണം.

**ശ്രീ. സാജു പോൾ:** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത ആസൂത്രണ വൈദഗ്ധ്യവും പഴുതുകളില്ലാത്ത വിഭവ സമാഹരണവും ജനവികാരം അറിഞ്ഞുള്ള പങ്കുവയ്ക്കലും മുൻഗണനാ മേഖലകൾക്കുള്ള മുന്തിയ പരിഗണനയും എല്ലാം ചേർന്നതാണ് കേരളത്തിലെ ധനകാര്യ മാനേജ്മെന്റ്. നികുതിയിനത്തിൽ കൂടുതൽ തുക പിരിച്ചെടുക്കാൻ സർക്കാരിന് കഴിഞ്ഞു. 1958-നുശേഷം ഏറ്റവും കൂടതുൽ നികുതി പിരിവുണ്ടായത് ഇപ്പോഴാണ്. 2010 ആകുമ്പോൾ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 16 ശതമാനം നികുതി സമാഹരിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ഇപ്പോൾ അത് 13 ശതമാനമാണ്. 2010-ഓടെ റവന്യൂ കമ്മി ഇല്ലാതാകും. ഈ ഗവൺമെന്റ് വന്നശേഷം പല മേഖലകളിലും ഇളവുകളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഉപയോഗിച്ച വാഹനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിലും തുണിത്തരങ്ങളുടെ നികുതിയിലും മാറ്റങ്ങൾ വരുത്തി. വെളിച്ചെണ്ണ, കൊപ്ര, പിണ്ണാക്ക് എന്നിവയുടെയും നികുതി പിൻവലിച്ചു. കശുവണ്ടി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇളവുകൾ നൽകി. അസസ്മെന്റിനും റീഫണ്ടിനും അദാലത്ത് വച്ചു. പാഴ്മര വ്യവസായത്തിന് നികുതി ഇളവ് പ്രഖ്യാപിച്ചു. ഖാദി ഗ്രാമ വ്യവസായത്തെ രക്ഷപ്പെടുത്താൻ നടപടി സ്വീകരിച്ചു. കുഷ്ടരോഗികൾ ഉപയോഗിക്കുന്ന ചെരുപ്പുകൾക്ക് വില കുറച്ചു. ആഡംബര നികുതി യുക്തിസഹമാക്കി. ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്കും ഹൗസ് ബോട്ടുകൾക്കും

വാടക ഇളവ് പ്രഖ്യാപിച്ചു. ബീഡി, തോട്ടം മേഖലകളിൽ ഗുണകരമായ കാര്യങ്ങൾ ചെയ്തു. ഖാദി ഗ്രാമ വ്യവസായ ബോർഡിൽനിന്നും വായ്പ എടുത്ത് ഫർണിച്ചർ യൂണിറ്റുകൾ നടത്തുന്ന ചെറുകിട സ്ഥാപനങ്ങളുടെ നികുതി പന്ത്രണ്ടര ശതമാനത്തിൽനിന്നും നാലര ശതമാനമായി കുറയ്ക്കണം. പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്ന് പ്രവർത്തിക്കാനാവശ്യമായ ശ്രമങ്ങൾ നടക്കുന്നത് സ്വാഗതാർഹമാണ്. ചെക്ക്പോസ്റ്റുകൾ നവീകരിക്കണം. ലക്കി വാറ്റ് പരിഷ്ക്കരണത്തിന് മുന്തിയ പരിഗണന നൽകണം. നികുതി സ്വരൂപിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തണം. ദേശീയ സമ്പാദ്യ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കണം. കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർക്കുകയും അഴിമതിയും വെട്ടിപ്പും തടയുകയും ചെയ്യണം. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും അവകാശങ്ങൾ സംരക്ഷിക്കണം. ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നൽകണം. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്ഥാപിക്കണം. കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് അലോക്കേഷൻ സഭയിൽ ചർച്ച ചെയ്യണം. തൊഴിലധിഷ്ഠിത കോഴ്സുകൾ വിജയിക്കുന്നവർക്ക് ഒന്നുരണ്ടു വർഷം നിർബന്ധിത അപ്രന്റീസ്ഷിപ്പ് ഏർപ്പെടുത്തണം. പെൻഷൻ പ്രായം കൂട്ടേണ്ടതുണ്ടോ എന്ന കാര്യത്തിൽ പുനരാലോചന നടത്തണം. ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും അനധികൃത സ്വത്ത് കണ്ടുകെട്ടണം. പ്രളയ-ദുരിതാശ്വാസ നിധി വർദ്ധിപ്പിക്കണം. ക്യാൻസർ രോഗികൾക്കുള്ള പെൻഷന് വരുമാനപരിധി വർദ്ധിപ്പിക്കണം. അനധികൃത കയ്യേറ്റം അവസാനിപ്പിക്കണം.

**<u>ശ്രീ. സി. ടി. അഹമ്മദ് അലി</u>** : ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഭരണരംഗത്ത് സമൂലമായ പരിഷ്ക്കരണം നടത്തണം. കെട്ടിക്കിടക്കുന്ന ഫയലികളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പൊതുക്കടം വർദ്ധിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണം. വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കണം. കാലവർഷക്കെടുതികളേയും പകർച്ചവ്യാധികളേയും മുൻകൂട്ടി കാണാനുള്ള സംവിധാനമുണ്ടാക്കണം. നികുതികൾ, വാട്ടർ ചാർജ്, പാട്ടക്കുടിശ്ശിക എന്നിവ പിരിച്ചെടുക്കണം അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കണം സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന മുസ്ളീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രാവർത്തികമാക്കുന്നതിന് ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുകയും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മുസ്ളീം പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മോശപ്പെട്ട വിദ്യാഭ്യാസ നയംമൂലമാണ് വിദ്യാഭ്യാസ മേഖലയിൽ അനിശ്ചിതത്വമുണ്ടായത്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സുതാര്യമായ വിദ്യാഭ്യാസ പദ്ധതിയെ ഈ ഗവൺമെന്റ് അട്ടിമറിച്ചു. മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്, ബി.എഡ്. കോളേജ് തുടങ്ങി പുതിയ പ്രൊഫഷണൽ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കണം. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗംമൂലം രോഗികളായവർക്ക് ചികിൽസയും പുനരധിവാസവും പെൻഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങളും

അനുവദിക്കണം. കാസർകോട്ട് ജില്ലയിലെ പഞ്ചായത്ത് ഓഫീസുകളിലും നഗരസഭകളിലും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം. ബിൽഡിംഗ് ടാക്സ് വർദ്ധനവ് പുന:പരിശോധിക്കണം.

**<u>ശ്രീ. പി.ടി.എ. റഹീം</u>:** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. മുസ്ളീം പിന്നോക്കാവസ്ഥ കണക്കിലെടുത്ത് മലബാർ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടുപ്രകാരം 12 ശതമാനം റിസർവ്വേഷനാണ് കേരളത്തിലെ മുസ്ളീങ്ങൾക്ക് നിയമപരമായി അനുവദിച്ചിട്ടുള്ളതെങ്കിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചത്. കഴിഞ്ഞ കാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നൽകുന്ന എ.എസ്. ബഡ്ജറ്റ് നിർദ്ദേശങ്ങളുമായി യാതൊരു ബന്ധമില്ലാത്തതായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് വന്നശേഷം അസംബ്ളിയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ അനുസരിച്ച് പിന്നീട് സപ്ളിമെന്ററിയായി ആവശ്യമായ പണം വകയിരുത്താൻ ഫിനാൻസ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ രംഗത്ത് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. കൊടുവള്ളി മിനി സിവിൽ സ്റ്റേഷനടക്കം നിരവധി കാര്യങ്ങൾക്ക് ഈ ധനകാര്യ ബില്ലിൽ തുക വകയിരുത്തിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് മൂന്ന് രൂപ നിരക്കിൽ അരി നൽകുന്നതിന് നടപടി സ്വീകരിച്ചു. കാലവർഷക്കെടുതിയിൽ നഷ്ടം സംഭവിച്ചവർക്ക് ഒരാഴ്ചയ്ക്കുള്ളിൽ സഹായം നൽകി.

**<u>ശ്രീ. പള്ളിപ്രം ബാലൻ</u>:** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ബില്ലിൽ 14 മാസം കൊണ്ട് ധനകമ്മി കുറയ്ക്കാൻ കഴിയുമെന്നുള്ള സൂചനയുണ്ട്. ഈ ഗവൺമെന്റ് സംസ്ഥാനത്തിന്റെ വരുമാനം

വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അനാവശ്യ ചെലവുകൾ ചുരുക്കി കാര്യക്ഷമതയോടുകൂടി മുന്നോട്ടുപോയാൽ കടബാധ്യത കുറയ്ക്കാനും കേരളത്തിലെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കും. പരമ്പരാഗത മേഖലയെ പുനരുജ്ജീവിപ്പിച്ച്, കാർഷികമേഖലയിലെ നിക്ഷേപം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ രക്ഷിക്കാൻ ആവശ്യമായ ധനവിനിയോഗം നടത്തണം. കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലം ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവാണ് കാർഷിക മേഖലയെ തകർത്തത്. അമിതോൽപ്പാദനം നടത്താൻ പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കണം. കാർഷിക സർവ്വകലാശാലയും ഐ.ഐ.റ്റി.യും ചേർന്ന് കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഗവേഷണശാലകളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ജലവിഭവ വകുപ്പും ധനകാര്യ വകുപ്പും കൃഷി വകുപ്പുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിൽ വരുമാനം വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ പ്രവർത്തിച്ചാൽ ഇന്നത്തെ ദു:സ്ഥിതിക്ക് പരിഹാരം കാണാൻ കഴിയും. കാർഷികമേഖലയ്ക്കൊപ്പം ചെറുകിട വ്യവസായവും വളരുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ കണ്ടെത്തണം. വൈദ്യുതി രംഗത്ത് മിച്ചമുണ്ടാക്കാനുള്ള ശ്രമം നടക്കുകയാണ്. കരകൗശല മേഖലയിൽ വിദഗ്ദ്ധരുടെ സഹായത്തോടെ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. മഴവെള്ളം പ്രയോജനപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാർഷിക മേഖലയിൽ അത്യുൽപ്പാദനം നടത്താൻ കഴിയുന്ന നടപടി ശക്തിപ്പെടുത്തണം. സാങ്കേതിക മേന്മയുള്ള വിത്തും വളവും ഉപയോഗിക്കണം. ആ മേഖലയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കണം. കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ

സഹകരണ രംഗത്ത് കാർഷിക വിഭവ നിക്ഷേപമുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ പരിണതഫലം സംസ്ഥാനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ രക്ഷിക്കുന്നതിന് സംസ്ഥാനത്തെ വിഭവങ്ങൾ പൂർണ്ണമായും ഉപയോഗിക്കണം.

**ശ്രീ. വി.ഡി. സതീശൻ**: ധനകാര്യബില്ലിനെ എതിർക്കുന്നു. ഈ ബില്ലിൽ ഏഴ് പ്രധാനപ്പെട്ട ആക്ടുകളിലാണ് ഭേദഗതി ഉണ്ടായിരിക്കുന്നത്. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളിൽനിന്നും നേരിയ മാറ്റമാണ് ഫിനാൻസ് ബില്ലിലുള്ളത്. സർവ്വീസ് ടാക്സിന്റെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് വ്യക്തമാക്കണം. സർവ്വീസ് ടാക്സ് ഏതെല്ലാം ഇനങ്ങളിൽ ചുമത്താൻ കഴിയുമെന്ന് കണ്ടെത്തി ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഏകോപിത നികുതി ഘടനയ്ക്ക് വ്യത്യസ്തമായി, വാറ്റിന്റെ പൊതു ഘടനയ്ക്ക് വിരുദ്ധമായ കാര്യങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വാറ്റ് വരുന്നതുകൊണ്ടാണ് സെൻട്രൽ ടാക്സ് 4 ശതമാനം ഉണ്ടായിരുന്നത് നിർത്തലാക്കാൻ തീരുമാനിച്ചത്. 2011 ആകുമ്പോൾ സി.എസ്.ടി. പൂർണ്ണമായും ഇല്ലാതാകും. സി.എസ്.ടി. ഇല്ലാതാകുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്താൻ എന്ത് നിർദ്ദേശങ്ങളാണ് കേന്ദ്രവുമായി നടത്തിയ പാക്കേജിൽ ഉണ്ടാക്കിയതെന്ന് വ്യക്തമാക്കണം. സംസ്ഥാനം എൻട്രി ടാക്സ് ചുമത്തുന്നത് ഭരണഘടനയ്ക്ക് വിരുദ്ധമായിട്ടാണെന്നാണ് ഹൈക്കോടതി വെളിപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനയ്ക്ക് വിരുദ്ധമായി, ഇൻഡ്യൻ പ്രസിഡന്റിന്റെ മുൻകൂർ അനുമതിയില്ലാതെ കൊണ്ടുവരുന്ന നിയമം നിലനിൽക്കില്ല. എൻട്രി ടാക്സുമായി ബന്ധപ്പെട്ട് നിരവധി കേസുകളിൽ കോമൺ ഗൈഡ്‌ലൈൻസ് പല സംസ്ഥാനങ്ങൾക്കും കൊടുത്തിട്ടുണ്ട്. റവന്യൂ നഷ്ടം ഉണ്ടാകുന്നത്

തടയാൻ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. എം.ആർ.പി.യിൽ ടാക്സ് ഏർപ്പെടുത്തിയത് ചില്ലറ വ്യാപാരത്തെ ആകെ തകർക്കും. ഫ്ളാറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തിയത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കും. കഴിഞ്ഞ ബഡ്ജറ്റിൽ തുണിക്ക് 1 ശതമാനം നികുതി ഏർപ്പെടുത്തിയത് പിന്നീട് പിൻവലിച്ചു. മുക്ത്യാറിന് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്താൻ സ്വീകരിച്ച നടപടി കേരളത്തിന് പുറത്തും വിദേശത്തുള്ളവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ട് അത് സംബന്ധിച്ച് പ്രായോഗികമായി ആലോചിക്കണം.

<u>**ശ്രീ. കെ.കെ. ഷാജു:**</u> ധനകാര്യ ബില്ലിനെ എതിർക്കുന്നു. കാർഷിക-പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണ്. ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിലൂടെ അർഹിക്കുന്ന പരിരക്ഷ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ടെക്സ്റ്റയിൽസ് ഉൽപ്പന്നങ്ങൾക്കേർപ്പെടുത്തിയ നികുതി വൻകിടക്കാരുടെ സമർദ്ദത്തിന് വഴങ്ങി ഈ ഗവൺമെന്റ് പിൻവലിച്ചു. ധനകാര്യവകുപ്പിന്റെ തെറ്റായ നയസമീപനങ്ങൾമൂലം വികസനമേഖല താളം തെറ്റി. എം.പി.ഫണ്ടിന് 12 ശതമാനം നികുതി ഏർപ്പെടുത്തിയതിന്റെ ഫലമായി നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചതുമൂലം ആരംഭിച്ച പദ്ധതികൾപോലും നടപ്പാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ സമീപനം തിരുത്തണം. സ്വർണ്ണത്തിന് അധിക നികുതി ഏർപ്പെടുത്തുമ്പോഴുണ്ടാകുന്ന വരുമാനമുപയോഗിച്ച് നിലവിലുള്ള കർഷകത്തൊഴിലാളി പെൻഷൻ നിരക്ക് വർദ്ധിപ്പിക്കണം. നികുതി നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിന് ഉണ്ടാകണം.

**<u>ശ്രീ. എ.എം. യൂസഫ്:</u>** ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ നിന്ന് വ്യത്യസ്തമായി വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ധനസമാഹരണം നടത്തുന്നതിനുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷം ഭരിച്ച ഗവൺമെന്റിന് വ്യക്തമായ ധനകാര്യ മാനേജ്മെന്റ് ഉണ്ടായിരുന്നില്ല. സാമ്പത്തിക പ്രതിസന്ധിയിലായ പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള യാതൊരു നടപടിയും യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിരുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ നിലവിലുള്ള 25 ലക്ഷം പേരിൽനിന്ന് 15 ലക്ഷം പേരെ വെട്ടിക്കുറച്ചപ്പോഴും, 'ഫാക്ടിന്' വേണ്ട അസംസ്കൃത വസ്തുക്കളുടെ വില വർദ്ധിപ്പിച്ചപ്പോഴും കേന്ദ്ര ഗവൺമെന്റിനെതിരെ പ്രതിഷേധിക്കാൻ തയ്യാറാകാത്ത യു.ഡി.എഫ്. ഗവണ്മെന്റ് സമ്പന്നന്മാരെ സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യവസായം, കൃഷി, വൈദ്യുതി, ആഭ്യന്തര സുരക്ഷിതത്വം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണരംഗം, പരമ്പരാഗത വ്യവസായം തുടങ്ങിയ മേഖലകളിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് മുന്നോട്ടുപോയിട്ടുള്ളത്. വികലാംഗർ, വിധവകൾ, അഗതികൾ തുടങ്ങിയവർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വരുത്തിയിരുന്ന പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിച്ചു. ജനകീയാസൂത്രണപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്ക് പ്രാദേശിക വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടേണ്ട നികുതിവരുമാനം

ചെക്ക്പോസ്റ്റുകളുൾപ്പെടെയുള്ളവയിൽ നിന്ന് പിരിച്ചെടുക്കാനും ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ നികുതി പിരച്ചെടുക്കാനും ഈ ഗവണ്മെന്റിന് സാധിച്ചു. കാലവർഷക്കെടുതികളുടെ ഫലമായി തകരാറിലായ റോഡുകളുടെ പുനരുദ്ധാരണം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. പകർച്ചപ്പനി തടയാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിച്ചു. കേന്ദ്രത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുത്ത് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനോട് പ്രതിപക്ഷം സഹകരിക്കണം. കർഷകർക്കും തൊഴിലാളികൾക്കും യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമെതിരായി പ്രവർത്തിക്കുന്ന പ്രതിപക്ഷത്തിന്റെ നയം തിരുത്തണം.

**ശ്രീ. തോമസ് ഉണ്ണിയാടൻ:** ധനകാര്യ ബില്ലിനെ എതിർക്കുന്നു. കേരളത്തിന്റെ പൊതുകടം 57,688 കോടി രൂപയും റവന്യൂ കമ്മി 5310 കോടി രൂപയുമാണ്. കേരളം ഇന്ന് കടുത്ത സാമ്പത്തികബാധ്യതയുള്ള ഒരു സംസ്ഥാനമായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ ആളോഹരി കടം വർദ്ധിച്ചിരിക്കുകയാണ്. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ചെലവ് കുറയ്ക്കുന്നതിനുള്ള ആരോഗ്യകരമായ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നത് നിയന്ത്രിച്ച് അനാവശ്യ ചെലവുകൾ തടയാനുള്ള നടപടി സ്വീകരിക്കണം. ലോട്ടറിക്കാരിൽ നിന്ന് പിരിച്ചെടുക്കേണ്ട 8,000 കോടി രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ശരിയായ ധനകാര്യ മാനേജ്മെന്റില്ലാത്തതുകാരണം കാർഷിക, വ്യവസായിക, പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾ പ്രതിസന്ധിയിലാണ്.

**ശ്രീ. പി. ജയരാജൻ:** ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സാമ്പത്തികരംഗത്ത് അച്ചടക്കം പാലിച്ചുകൊണ്ട് ത്വരിതഗതിയിൽ മുന്നോട്ടുപോകുകയാണ്. ബഡ്ജറ്റ് വിഹിതം കുറയ്ക്കാതെ സാമൂഹ്യക്ഷേമപദ്ധതികൾക്കുവേണ്ടിയുള്ള തുക വർദ്ധിപ്പിച്ചും നികുതി വരുമാനം കൃത്യമായി പിരിച്ചെടുത്തും സാമ്പത്തികരംഗത്ത് അച്ചടക്കം പാലിച്ചും മുന്നോട്ടുപോകാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. 2006-07-ൽ നികുതിവരുമാനമായി ലക്ഷ്യമിട്ടത് 7930 കോടി രൂപയായിരുന്നുവെങ്കിൽ 8686.82 കോടി രൂപ പിരിഞ്ഞുകിട്ടി. സംസ്ഥാനത്ത് ധനകാര്യമേഖലയിൽ നടമാടിയിരുന്ന അരാജകത്വം അവസാനിപ്പിക്കാനുള്ള പ്രഖ്യാപനങ്ങളാണ് ഈ ഗവണ്മെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മെറ്റൽ ക്രഷറുകളുടെ കോംപൗണ്ടിംഗ് നികുതിനിരക്ക് ഇരട്ടിയായിട്ട് വർദ്ധിപ്പിച്ചു. വൻകിട ക്രഷർ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന അത്യാധുനികമായ സ്റ്റോൺ ക്രഷറുകൾക്കുകൂടി നികുതി നിരക്ക് വർദ്ധിപ്പിക്കണം. കേന്ദ്ര നയത്തിന്റെ ഫലമായി അഖിലേന്ത്യാതലത്തിൽ വിലക്കയറ്റം രൂക്ഷമായി തുടരുകയാണ്. പൊതുവിതരണ സമ്പ്രദായം ദുർബലപ്പെട്ടിരിക്കുന്നു. 322 രൂപയിൽ താഴെ മാസവരുമാനമുള്ളവർ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ വരികയുള്ളൂ എന്ന താണ് കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡം. അന്യസംസ്ഥാന ലോട്ടറികളുടെ പ്രൊമോട്ടർമാർക്ക് കേരളത്തിൽ ലൈസൻസ് കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. അന്യ സംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട അഴിമതി സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഫയൽചെയ്ത കേസിൽ കൗണ്ടർ അഫിഡവിറ്റ് കൊടു ത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. അഴിമതിക്കെതിരെ കർശന നടപടിക

ളുമായിട്ടാണ് സി.പി.എം. മുന്നോട്ടുപോകുന്നത്. ഇന്ത്യയിൽ ഇടതുപക്ഷ ത്തിന്റെ യശസ്സ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇവിടെ സി.പി. ഐ.(എം).-നെ താറടിച്ചുകാണിക്കാനുള്ള ആസൂത്രിത ശ്രമമാണ് നടക്കുന്നത്.

**ശ്രീ. കെ.സി. വേണുഗോപാൽ**: ധനകാര്യ ബില്ലിനെ എതിർക്കുന്നു. കേരളത്തിൽ വാറ്റ് നടപ്പിലാക്കിയപ്പോൾ മറ്റു സംസ്ഥാനങ്ങളുമായി നികുതി ഘടനയിൽ യൂണിഫോമിറ്റിയുണ്ടാകുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ അത് നിലവിൽ വന്നതോടുകൂടി ജീവൻ രക്ഷാ മരുന്നുകൾക്കുവരെ മറ്റു സംസ്ഥാനങ്ങളേക്കാൾ വില കൂടുതൽ കൊടുക്കേണ്ട സാഹചര്യമാണുള്ളത്. ചെറുകിട വ്യവസായങ്ങൾക്കുള്ള നികുതി വർദ്ധിപ്പിച്ചതോടുകൂടി ഇവിടെ യുള്ള സോപ്പുനിർമ്മാണശാലകൾപോലും പ്രതിസന്ധിയിലാണ്. അതുസംബ ന്ധിച്ചുള്ള സർക്കാരിന്റെ സമീപനം വ്യക്തമാക്കണം. സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യത്തിൽ ഏപ്രിൽ ഒന്നുമുതൽ റിട്രോസ്പെക്ടീവ് ഇഫക്ട് കിട്ടുമോ എന്നുള്ളതും വിശദമാക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ അഴിമതി മറച്ചുവയ്ക്കാനാണ് യു.ഡി.എഫ്.-ലെ നേതാക്കന്മാർക്കെതിരെ അഴിമതി ആരോപണം കൊണ്ടുവന്ന് വിജിലൻസ് എൻക്വയറിക്ക് ഉത്തരവിട്ടി രിക്കുന്നത്. അഴിമതി ചൂണ്ടിക്കാണിക്കുന്ന പത്രമാധ്യമങ്ങളെ തള്ളിപ്പറയുന്നു. ഇത്രയും ദയനീയ സ്ഥിതിയിലാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് നിലകൊള്ളുന്നത്.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്)**: ഫിനാൻസ് ബില്ലിനെ സംബന്ധിച്ച് വളരെ കുറച്ച് പരാമർശം മാത്രമാണ് ഇവിടെ വന്നിട്ടു ള്ളത്. സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിന് കേന്ദ്ര നയത്തിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. സി.എസ്.ടി. പ്രശ്നത്തിൽ വളരെ ഉറച്ച നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സി.എസ്.ടി.

ഇല്ലാതാകുമ്പോൾ കേരളത്തിലെ ഉപഭോക്താക്കൾക്ക് നേട്ടമുണ്ടാകുമെങ്കിലും സംസ്ഥാന സർക്കാരിന് നഷ്ടമാണ്. കഴിഞ്ഞവർഷത്തെ സി.എസ്.ടി. കളക്ഷൻ 336 കോടി രൂപയാണ്. സി.എസ്.ടി. നിർത്തലാക്കണമെന്ന നയത്തിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ നിലപാടെടുത്തപ്പോൾ പുകയിലയ്ക്ക് 12.5 ശതമാനം നികുതി ചുമത്തുകയും അതിൽ നഷ്ടം നികന്നില്ലെങ്കിൽ ക്യാഷ് ആയി കോമ്പൻസേറ്റുചെയ്തുതരുമെന്നുമാണ് പറഞ്ഞിരുന്നത്. 77 ഇനങ്ങളുടെ സർവ്വീസ് ചാർജ്ജ് സംസ്ഥാനത്തിന് ട്രാൻസ്ഫർ ചെയ്യുകയാണ്. അതിൽ 44 എണ്ണം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൈകാര്യം ചെയ്യുന്നവയും 33 എണ്ണം പുതിയ ഇനവുമാണ്. അങ്ങനെ വന്നപ്പോൾ പുകയിലയെ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിനത്തിൽ നിന്നും മാറ്റി. ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ പഞ്ചസാര, തുണി, പുകയില എന്നിവയുടെമേൽ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അവകാശം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പുകയില ഒഴിച്ചുള്ളവയ്ക്ക് കേന്ദ്രവിഹിതം കിട്ടില്ലെന്നാണ് പറയുന്നത്. മൂന്ന് ഉല്പന്നങ്ങളെ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തുന്നതിന് കേന്ദ്രത്തിന് സറണ്ടർ ചെയ്തു കൊടുത്തപ്പോൾ ഏതെങ്കിലും ഉല്പന്നങ്ങളിൽ സംസ്ഥാനത്തിന് ടാക്സിളവു ലഭിക്കുമെന്നു വിശ്വസിച്ചിരുന്നുവെങ്കിലും അതുണ്ടായില്ല. ആ മൂന്നിനങ്ങളെ കേന്ദ്ര ഗവൺമെന്റ് കോമ്പൻസേഷനായിട്ട് തിരിച്ചുതരാമെന്നൊരു നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ലക്ഷ്വറിയിനങ്ങൾക്കുമേൽ ചുമത്തിയിരുന്ന 25 ശതമാനം ടാക്സ് 12.5 ശതമാനമായി കുറച്ചു. ചില ഉല്പന്നങ്ങളുടെ മേൽ 20 ശതമാനം നികുതിയാകാമായിരുന്നു. എന്നാൽ എൻട്രി ടാക്സ് എടുത്തുകളഞ്ഞതിനുശേഷം 20 ശതമാനത്തെക്കുറിച്ച് പറയാൻ പറ്റില്ല. വാറ്റ്

എംപവേർഡ് കമ്മിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റി പറഞ്ഞത് ഫ്ളോർ റേറ്റാണ്. ആ ഫ്ളോർ റേറ്റിനു താഴെ കൊണ്ടു വരാൻ പറ്റില്ല. 1994-ൽ കേരളത്തിൽ കൊണ്ടുവന്ന നിയമമാണ് എൻട്രി ടാക്സ്. അതിന് പ്രസിഡന്റിന്റെ അസന്റ് വാങ്ങിയില്ല. അതുസംബന്ധിച്ച് സുപ്രീം കോടതിയിൽ തർക്കം വന്നപ്പോൾ സുപ്രീംകോടതി പറഞ്ഞു, റീസണബിൾ റെസ്ട്രിക്ഷനാകാം പക്ഷേ പ്രസിഡന്റിന്റെ മുൻകൂർ അനുവാദം വാങ്ങിക്കണമെന്ന്. ഈ നിയമങ്ങൾക്ക് അത് വാങ്ങിച്ചിട്ടില്ല. അല്ലെങ്കിൽ കോമ്പൻസേറ്ററിയാകണം. കോമ്പൻസേറ്ററി ആണോ അല്ലയോ എന്ന് പരിശോധിക്കാൻ ഹൈക്കോടതിയെ അധികാരപ്പെടുത്തി. നമ്മുടെ നിയമം സ്ട്രക്ക്ടൗൺ ചെയ്തു. എൻട്രി ടാക്സുണ്ടെങ്കിൽ നമ്മുടെ ഫിസ്ക്കൽ ആട്ടോണമി കൂടും. അതുകൊണ്ട് ഒരു നിയമം ക്യാബിനറ്റ് അംഗീകരിച്ച് പ്രസിഡന്റിന്റെ മുൻകൂർ അനുമതിക്ക് നൽകിയിരിക്കുകയാണ്. സുപ്രീംകോടിതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ നൽകിയിട്ടുണ്ട്. അത് സുപ്രീംകോടതി അനുവദിക്കുമെന്നാണ് കരുതുന്നത്. ഫ്ളാറ്റുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതിഭാരം താങ്ങാനാവുന്നതല്ല എന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. വർക്ക് കോൺട്രാക്ടിനുള്ള സെറ്റ് ഓഫ് നൽകുന്നതൊന്നും പ്രായോഗികമായിട്ടുള്ള ഏർപ്പാടല്ല. ഇതിന് പ്രതിവിധി എന്താണെന്നുള്ളതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം. വർക്ക്സ് കോൺട്രാക്ടിന്റെ 4 ശതമാനം പണം ഒടുക്കിയാൽ അതിന് സർട്ടിഫിക്കറ്റ് നൽകും. ഫ്ളാറ്റ് രജിസ്റ്റർ ചെയ്യുമ്പോൾ അത് കിഴിച്ചുള്ള സംഖ്യ കൊടുത്താൽ മതിയാകും. അതുകൊണ്ടുതന്നെ ഇപ്പോൾ 15 ശതമാനം മുതൽ 25 ശതമാനംവരെയുള്ളത് 4 ശതമാനം കുറയും. ഫ്ളാറ്റുകളൊക്കെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മൂന്നുനാല് സംസ്ഥാനങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന രീതി കേരളത്തിൽക്കൂടി ആവിഷ്ക്കരിച്ചു

എന്നേയുള്ളു. നികുതി കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഒട്ടനവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിനുശേഷം സുപ്രധാനമായ ഒരു മാറ്റം വരുത്തിയിട്ടുള്ളത് വെളിച്ചെണ്ണയുടെ മേലുണ്ടായിരുന്ന നികുതി എടുത്തുകളഞ്ഞു എന്നതാണ്. ആരോഗ്യസുരക്ഷാപദ്ധതിയെ സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് പലവട്ടം സൂചിപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ച ആരോഗ്യസുരക്ഷാ പദ്ധതി കേരളത്തിലെ പൊതു ആരോഗ്യ സംവിധാനം തകർക്കുന്നതും ഖജനാവിന് ദുർവഹമായ ഭാരം വലിച്ചുവയ്ക്കുന്നതു മായിരുന്നു. അതിൽ നിന്നും വ്യത്യസ്തമായ ഒരു പൊതു ആരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഇൻഷ്വറൻസിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ ഭാഗമായി പുതിയ പോസ്റ്റുകൾ സൃഷ്ടിക്കുക, രോഗികൾക്ക് മരുന്നുകൾ ഉറപ്പു വരുത്തുക, കൂടുതൽ സജ്ജീകരണങ്ങളുണ്ടാക്കുക, 30 ശതമാനം കുടുംബങ്ങൾക്ക് ഗുണനിലവാരമുള്ള സൗജന്യ ചികിൽസ ഉറപ്പു വരുത്തുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം കൂടി ഉപയോഗപ്പെടുത്തി ഈ പദ്ധതി നടപ്പാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കും. അതിനുവേണ്ടി നീക്കി വച്ച 20 കോടി രൂപ അപര്യാപ്തമാണ്. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി ഇതിനൊരു പൂർണ്ണ രൂപം നൽകി നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇത് സംബന്ധിച്ച് പ്ളാനിംഗ് ബോർഡ് വളരെ വിശദമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. ഇൻഷ്വറൻസിന്റെ ഭാഗമായി തുക എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. എം.ആർ.പി. യുടെ കാര്യത്തിൽ, വില്പനയുടെ

ഓരോ ഘട്ടത്തിലും മൂല്യ വർദ്ധനവുണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം. എം.ആർ.പി. യിൽ ഗവൺമെന്റിനു കിട്ടുന്നത് പലപ്പോഴും 8 ശതമാനത്തിൽ താഴെയാണ്. വ്യാപാരി സമൂഹം മുഴുവൻ എം.ആർ.പി.വേണമെന്നാണ് ആവശ്യപ്പെടുന്നത്. എം.ആർ.പി.യുടെ അടിസ്ഥാനത്തിൽ 120 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് അധികമായി കിട്ടുന്നതാണ്. കമ്പനികൾ കോംപൗണ്ട് ചെയ്യാൻ തയ്യാറാകാതെ ഇതിനെ നഖശിഖാന്തം എതിർക്കുകയാണ്. 1957 മുതൽ വിവിധ രാഷ്ട്രീയ മേഖലകളിൽ നടന്ന സംവാദങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി മതന്യൂനപക്ഷങ്ങളുമായി വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഒരു സമവായം ഉണ്ടാക്കാൻ ശ്രമിച്ചിരുന്നു. അതാണ് സ്വാശ്രയ പ്രൊഫഷണൽ രംഗത്ത് 50:50 എന്ന റേഷ്യോയിൽ കൊണ്ടു വരാൻ ശ്രമിച്ചത്. കേന്ദ്ര വിദ്യാഭ്യാസ നിയമത്തിൽ മതന്യൂനപക്ഷാവകാശങ്ങളെ സംബന്ധിച്ച് പ്രത്യേക നിർവ്വചനം നൽകിയിട്ടുണ്ട്. മതന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ സി.പി.ഐ.(എം) അടക്കമുള്ളവർ കേന്ദ്രത്തെ സപ്പോർട്ട് ചെയ്ത് നിയമം പാസ്സാക്കാൻ സഹായിച്ചു. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ മത ന്യൂനപക്ഷാവകാശം എന്താണെന്നുള്ളതു സംബന്ധിച്ച് എല്ലാ രാഷ്ട്രീയപ്പാർട്ടികളും തമ്മിൽ ഒരു സമവായം ഉണ്ടാക്കിയിരുന്നു. ആ ധാരണ തിരുത്താൻ ശ്രമിച്ചപ്പോഴാണ് പ്രശ്നമുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു വിമോചന സമരം നടത്താമെന്ന ഭീഷണിയൊന്നും വിലപ്പോവില്ല. മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എപ്പോഴും മുൻകൈ എടുത്ത് അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കും.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായും 2007-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ ) ബിൽ പ്രത്യേകമായും പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.00 മണിക്കു പിരിഞ്ഞു.

**************